5.2 ക്ഷേമപെൻഷനുകൾ ലഭിക്കാത്ത 14.7 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് ഓരോ കുടുംബത്തിനും ഒറ്റത്തവണ ആശ്വാസമായി 1,000 രൂപ നൽകുന്നതിന് 150 കോടി രൂപ നീക്കിവച്ചു.

5.3 ആവശ്യമുള്ള കുടുംബങ്ങൾക്ക് സൗജന്യമായി ഭക്ഷ്യധാന്യം നൽകുന്നതിന് 100 കോടി രൂപ നീക്കിവയ്ക്കുകയും ജനകീയ ഹോട്ടലുകൾവഴി 20 രൂപയ്ക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്നതിന് 50 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു.

5.4 സംസ്ഥാനത്ത് 400 കോടി രൂപ പ്രതിമാസ ചെലവ് വരുന്ന അവശ്യവസ്തുക്കൾ അടങ്ങിയ സൗജന്യ കിറ്റ് ഏകദേശം 90 ലക്ഷം കുടുംബങ്ങൾക്ക് വിതരണം നടത്തുകയുണ്ടായി. കോവിഡ് 19-ന്റെ ദുരിതം ജനങ്ങളെ, അവരുടെ സാമ്പത്തിക സ്ഥിതിഭേദമന്യേ ബാധിക്കുകയുണ്ടായി. അതിനാൽ കുറഞ്ഞത് ആരംഭത്തിലെങ്കിലും ഒരു പ്രത്യേക വിഭാഗത്തിനെ ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നില്ല ആനുകൂല്യം നൽകുന്നതിനുള്ള ഈ തീരുമാനം.

5.5 പൊതു ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മഹാമാരിയെ നേരിടുവാൻ സംസ്ഥാനത്തെ സജ്ജമാക്കുകയും ചെയ്യുക എന്നതിന് ഊന്നൽ നൽകിക്കൊണ്ട് ഒരു സമഗ്ര ആരോഗ്യ പാക്കേജിന് 1000 കോടി രൂപ നീക്കി വച്ചു.

5.6 വനിതാസ്വയം സഹായ സംഘങ്ങൾക്ക് (SHGs) കുടുംബശ്രീ മിഷൻ മുഖേന 2000 കോടി രൂപയുടെ വായ്പകൾ വിതരണം ചെയ്തു.

5.7 തൊഴിലുറപ്പ് പദ്ധതിയുടെ വിപുലീകരണത്തിനായി 2000 കോടി രൂപ നീക്കിവച്ചു.

5.8 പെൻഷൻ, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ സഹായം, കോൺട്രാക്ടർമാരുടെ മാറ്റിവയ്ക്കപ്പെട്ട ബിൽ തുക നൽകൽ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെ, 2020 ഏപ്രിൽ വരെയുള്ള എല്ലാ കുടിശ്ശികകളും കൊടുത്തുതീർക്കുന്നതിനായി എന്റെ സർക്കാർ 14000 കോടി രൂപ നീക്കിവച്ചു.

5.9 വൈദ്യുതി ബില്ലുകൾ, വെള്ളക്കരങ്ങൾ ഉൾപ്പെടെയുള്ള വിവിധ യൂട്ടിലിറ്റി ചാർജ്ജുകൾ അടയ്ക്കുന്നതിന് സമയം നീട്ടിനൽകി.

6. നിലവിൽ കേരളത്തിൽ പരക്കെ വ്യാപിച്ചുകൊണ്ടിരിക്കുന്ന മഹാമാരിയുടെ രണ്ടാം തരംഗത്തിൽ, മറ്റേതെങ്കിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കാത്ത എല്ലാ 14.7 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും എക്സ് ഗ്രേഷ്യയായി 1000 രൂപ നൽകുമെന്ന് എന്റെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അവശ്യസാധന കിറ്റുകൾ വിതരണം ചെയ്യുക, സാമൂഹ്യസുരക്ഷാ പെൻഷനുകളും വെൽഫെയർ ബോർഡ് പെൻഷനുകളും കൃത്യമായി നൽകുക തുടങ്ങിയ മറ്റ് ആനുകൂല്യ നടപടികളും ആരംഭിച്ചിട്ടുണ്ട്. കോവിഡ്-19-നെതിരെയുള്ള പ്രതിരോധ വാക്സിനേഷൻ എല്ലാവർക്കും സൗജന്യമായി നൽകുമെന്ന് എന്റെ സർക്കാർ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മഹാമാരിക്കെതിരെയുള്ള ആർജ്ജിത പ്രതിരോധശേഷിക്ക് ഇത് അനിവാര്യമാണ്. കോവിഡ് -19-നെതിരെയുള്ള പ്രതിരോധ വാക്സിൻ ഒരു പൊതുനന്മയായി കരുതണമെന്നും അത് എല്ലാവർക്കും ഒരാൾപോലും ഒഴിവാകാതെ ലഭ്യമാക്കണമെന്നുമാണ് എന്റെ സർക്കാരിന്റെ സുചിന്തിതമായ അഭിപ്രായം. വാക്സിനുകൾക്കുള്ള വ്യത്യസ്ത വില നിർണ്ണയം എന്ന നയത്തിന്റെ ഫലമായി സംസ്ഥാന ഖജനാവിൽനിന്നും കുറഞ്ഞത് 1,000 കോടി രൂപയുടെ അധിക ചെലവ് വരുന്നതാണ്. സാമ്പത്തിക പരിമിതികൾക്കിടയിലും മൂന്ന് കോടി ഡോസ് കോവിഡ്-19 വാക്സിനുകൾ വാങ്ങുന്നതിന് ആഗോള ടെണ്ടർ ക്ഷണിച്ചുകൊണ്ടും അതുപോലെതന്നെ ഒരു കോടി ഡോസുകൾക്കായി ആഭ്യന്തര നിർമ്മാതാക്കൾക്ക് ഓർഡറുകൾ നൽകിക്കൊണ്ടും ഈ പുതിയ പ്രതിജ്ഞാബദ്ധതകൾ നിറവേറ്റുന്നതിന് എന്റെ സർക്കാർ മുന്നോട്ടുവന്നിട്ടുണ്ട്. സമൂഹത്തിലെ സമ്പന്ന വിഭാഗങ്ങളിൽ നിന്നുമല്ലാത്തവർ ഉൾപ്പെടെയുള്ള നിരവധിപേർ എന്റെ സർക്കാരിന് വാക്സിൻ വാങ്ങുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് (CMDRF) ഗണ്യമായ തുക സംഭാവന ചെയ്യുവാൻ മുന്നോട്ടുവന്നിട്ടുണ്ട് എന്ന് പരാമർശിക്കുന്നത് ഇവിടെ പ്രസക്തമാണ്. ഇവിടെ കേരള ജനതയുടെ വർദ്ധിതമായ മനോവീര്യമാണ് ഒരിക്കൽക്കൂടി പ്രകടമായത്.

7. ഘട്ടംഘട്ടമായി ഫീൽഡ് ആശുപത്രികളെ കോവിഡ് ഫസ്റ്റ് ലൈൻ ആന്റ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളായി സ്ഥാപിച്ചുകൊണ്ടും ഐ.സി.യു. ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, വർദ്ധിച്ച ഓക്സിജൻ സപ്ലൈ എന്നിവ കൂട്ടിച്ചേർത്തുകൊണ്ടും രോഗബാധിതരായവരുടെ

ആവശ്യങ്ങൾക്കായി ആരോഗ്യ മേഖലയിൽ സ്ഥാപനശേഷി ദ്രുതഗതിയിൽ വിപുലീകരിക്കുന്നത് ശക്തിപ്പെടുത്തി. ഈ ബൃഹത്തായ ശേഷി സൃഷ്ടിച്ചത്, കേരളത്തെ അതിന്റെ പ്രധാന ആശുപത്രി സൗകര്യങ്ങളിലെ ചില സമ്മർദ്ദങ്ങളില്ലാതാക്കാൻ പ്രാപ്തമാക്കുകയും മറ്റിടങ്ങളിലുള്ളതുപോലെയുള്ള ദുരിതപൂർണ്ണമായ സംഭവങ്ങൾ കേരളത്തിൽ ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇതോടൊപ്പം സംസ്ഥാനത്താകെയുള്ള സർക്കാർ ആശുപത്രികളിൽ കോവിഡ്-19 സൗജന്യ ചികിത്സ നൽകുകയും സംസ്ഥാനത്തെ 584 സ്വകാര്യ ആശുപത്രികളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ 42 ലക്ഷം ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യ ചികിത്സ നൽകുകയും ചെയ്യുന്നു.

8. വികേന്ദ്രീകൃതവും ജനകേന്ദ്രീകൃതവുമായ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്ന സമീപനത്തിൽ നിന്നുമാണ് കോവിഡ്-19 മഹാമാരി ഏല്പിച്ച മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള വെല്ലുവിളികൾ നേരിടുന്നതിന് കേരളത്തിന്റെ ആരോഗ്യ സംവിധാനങ്ങൾക്ക് ശക്തിയും കഴിവും ലഭിച്ചിട്ടുള്ളത്. ഭാരതീയ റിസർവ് ബാങ്ക് പോലെയുള്ള സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ മാതൃകാപരമെന്ന് ഇത് വിശേഷിക്കപ്പെട്ടിട്ടുണ്ട്.

9. സുസ്ഥിര വികസന ലക്ഷ്യ സമീപനത്തെ, അതിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ഒരു അതുല്യദൗത്യമായ 'ആർദ്രം മിഷൻ' രൂപീകരിച്ചുകൊണ്ടും കേരള സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടുതൽ മാനവ വിഭവശേഷി നൽകിക്കൊണ്ടും തദ്ദേശവാസികളെ പങ്കെടുപ്പിച്ചുകൊണ്ട് കൂടുതൽ ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുക എന്നതുപോലെയുള്ള കൂടുതൽ പ്രവർത്തനപരമായ ഘടകങ്ങൾ നൽകിക്കൊണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്തിയും പ്രാഥമികാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുവാൻ അത് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

10. കേരളത്തിൽ ഇന്നുവരെ 22 ലക്ഷത്തിലധികം കോവിഡ്-19 കേസ്സുകൾ സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും മരണം 6612 ആയി പരിമിതപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞു. മഹാമാരിയുടെ ആദ്യഘട്ടത്തിൽ, രോഗബാധിതരായ വ്യക്തികളുമായി സമ്പർക്കത്തിലായ വ്യക്തികളെ കൃത്യമായി

കണ്ടുപിടിക്കുന്നതും മാറ്റിപ്പാർപ്പിക്കുന്നതും ഉറപ്പുവരുത്തുകയും അതുവഴി സമൂഹത്തിൽ വൈറസിന്റെ വ്യാപനം തടയുകയും ചെയ്തു. നിപ വൈറസിനെ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ചതെന്ന് തെളിയിക്കപ്പെട്ട ഈ പൊതു ആരോഗ്യ തന്ത്രത്തോടൊപ്പം, സ്വയം സംരക്ഷണം, ശുചിത്വം, സാമൂഹിക അകലം പാലിക്കൽ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുവാൻ ഉദ്ബോധിപ്പിച്ചുകൊണ്ടുള്ള തികച്ചും വിജയകരമായ 'ബ്രേക്ക് ദ ചെയിൻ' പ്രചരണ പരിപാടിയും ഉണ്ടായിരുന്നു. മഹാമാരി വർദ്ധിച്ചതോടൊപ്പം "ബാക്ക് റ്റു ബേസിക്സ്" സമീപ കാലത്തെ "ക്രഷ് ദ കർവ്" പോലെയുള്ള വിജയകരമായ മറ്റ് പ്രചരണ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് പൊതു സന്ദേശം നൽകൽ നിരന്തരം പരിഷ്കരിക്കുകയുണ്ടായി.

11. കേരളത്തിൽ, കോവിഡ്-19 ആദ്യ തരംഗവും അതുപോലെതന്നെ അതിന്റെ രണ്ടാംവരവും നിയന്ത്രിക്കുന്നതിൽ നഗരത്തിലെയും ഗ്രാമത്തിലെയും ജില്ലാ ഭരണസംവിധാനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഒരു നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. നിരീക്ഷണം, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടേയും (CFTLCs), ഡൊമിസിലറി കെയർ സെന്ററുകളുടെയും (DCCs) നടത്തിപ്പ്, വീടുകളിൽ മാറ്റിപാർപ്പിച്ചിട്ടുള്ളവർക്ക് സഹായം നൽകൽ ഉൾപ്പെടെയുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ സംസ്ഥാനത്താകെയുള്ള എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും വാർഡ്തല കമ്മിറ്റികൾ സാമൂഹ്യ സന്നദ്ധ സേവകരുടെ പങ്കാളിത്തത്തോടെ മുഖ്യപങ്ക് വഹിക്കുന്നു. ആവശ്യമുള്ള കുടുംബങ്ങൾക്ക് കൃത്യമായി ഭക്ഷണവും മരുന്നും വിതരണം ചെയ്യുന്നതും അവർ ഉറപ്പുവരുത്തുന്നു. ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുകയും പട്ടിണിയില്ലാതാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി കിച്ചനുകൾ നടത്തുന്നുണ്ട്. മിതമായ നിരക്കുകളിൽ ഭക്ഷണം നൽകുന്നതിന് കുടുംബശ്രീ ഒരു മുഖ്യപങ്ക് വഹിച്ചുകൊണ്ട് ജനകീയ ഹോട്ടലുകൾ നടത്തിവരുന്നു.

12. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും സമൂഹത്തിനുതന്നെയും തികച്ചും പ്രയാസമേറിയ ഒന്നായിരുന്നു കഴിഞ്ഞ വർഷം. 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82

ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച നാം പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസ്സുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധിക ചെലവ് ബാധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാനക്കമ്മിയും അതുപോലെ ധനക്കമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. ഒരിക്കൽ നാം ഉയർന്ന വളർച്ചാനിരക്ക് കൈവരിച്ചുകഴിഞ്ഞാൽ, നമുക്ക് പ്രസ്തുത കുറവുകളും വായ്പകളും അതിജീവിക്കുവാൻ സാധ്യമാകുന്നതാണ്.

13. 15-ാം ധനകാര്യ കമ്മീഷൻ തിട്ടപ്പെടുത്തിയ പ്രകാരം 2021-26 അഞ്ച് വർഷ കാലയളവിൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. 13.1 ശതമാനമായി വർദ്ധിക്കും എന്ന് പ്രതീക്ഷിക്കുന്നതായി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവും ഉയർന്ന വളർച്ചാനിരക്കുള്ള സംസ്ഥാനങ്ങളുടെ വിഭാഗത്തിലാണ് നമ്മുടെ സംസ്ഥാനത്തിന് സ്ഥാനം നൽകിയിരിക്കുന്നത്. ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുന്നതിന് ഈ പ്രതീക്ഷിത വളർച്ചാനിരക്ക് നമുക്ക് കൈവരിക്കേണ്ടതാവശ്യമാണ്. എന്നാൽ മഹാമാരിയെ തുടർന്നുണ്ടായ മുമ്പെങ്ങുമില്ലാത്ത വിധത്തിലുള്ള വെല്ലുവിളികൾ ഈ ദൗത്യത്തെ വിഷമകരമാക്കുകയുണ്ടായി.

14. കഴിഞ്ഞ വർഷം ഉയർന്ന വായ്പ എടുത്തുകൊണ്ട് ആരോഗ്യരംഗത്തുൾപ്പെടെ, നാം ഉയർന്ന പദ്ധതിച്ചെലവും സാമൂഹ്യ മേഖലാ ചെലവും കൈവരിക്കുകയും അത് വായ്പയും ജി.എസ്.ഡി.പി.-യും തമ്മിലുള്ള അനുപാതം 36 ശതമാനത്തിലധികമാക്കുകയും ചെയ്തു. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ശക്തമായ ആവശ്യത്തിന്റെ ഫലമായി കേന്ദ്രസർക്കാർ വാർഷിക വായ്പാ പരിധി ജി.എസ്.ഡി.പി.-യുടെ

3 ശതമാനത്തിൽനിന്നും 5 ശതമാനമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു. എന്നിരുന്നാലും ഈ അധികവായ്പാ പരിധിയുടെ 0.5 ശതമാനം മാത്രമായിരുന്നു നിബന്ധനകളോടുകൂടിയല്ലാതിരുന്നത്. ഇതിൽ നിബന്ധനകൾ ചുമത്തുന്നത്, സഹകരണ ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ് എന്ന് എന്റെ സർക്കാരിന് സുചിന്തിതമായ അഭിപ്രായമുണ്ടായിരുന്നുവെങ്കിലും, പൗരൻമാർക്ക് പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ നിർദ്ദേശിക്കപ്പെട്ട പരിഷ്കരണങ്ങൾ നടപ്പിലാക്കുവാൻ നാം സമ്മതിച്ചു. ഊർജ്ജമേഖല, പൊതുവിതരണ സമ്പ്രദായം (ഒരു രാജ്യം-ഒരു റേഷൻ കാർഡ്) വ്യാപാരം സുഗമമാക്കൽ, നഗരമേഖല എന്നിവയുമായി ബന്ധപ്പെട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ 1.5 ശതമാനം അധിക വായ്പാ പരിധിയും നേടിയെടുക്കുവാൻ നമുക്ക് സാധ്യമായിട്ടുണ്ട് എന്നത് എടുത്തുപറയേണ്ടതാണ്.

15. സാമ്പത്തിക പരിമിതികൾ ഉണ്ടായിട്ടും നമ്മുടെ പ്രതിജ്ഞാബദ്ധത അനുസരിച്ച് സർക്കാർ ജീവനക്കാർക്ക് അഞ്ചുവർഷ ശമ്പള പരിഷ്കരണം നടപ്പിലാക്കി. എന്റെ സർക്കാർ ധനസംയോജനത്തിന്റെ (Fiscal Consolidation) പാതയിൽ നീങ്ങുവാൻ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ വീണ്ടുമുണ്ടാകുന്ന കോവിഡ്-19 മഹാമാരിയും അതിനെത്തുടർന്നുള്ള 'കത്രികാപ്രതിഭാസവും', അതായത് വരുമാനനഷ്ടവും ഉയർന്ന ചെലവ് ബാധ്യതകളും 'ഡെഫിസിറ്റ് ലക്ഷ്യങ്ങൾ' താൽക്കാലികമായി നിർത്തിവയ്ക്കാൻ നമ്മെ നിർബ്ബന്ധിതരാക്കിയേക്കാം.

16. നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDGs) സൂചികയിൽ എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങൾക്കിടയിലും പ്രഥമസ്ഥാനം ലഭിക്കാനിടയാക്കിയ നീതിപൂർവ്വകമായ വളർച്ചയുടെ പാതയിൽ സംസ്ഥാനം തുടരുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ സംസ്ഥാനത്തെ ഒരു 'വിജ്ഞാന സമ്പദ് വ്യവസ്ഥ' ആയി രൂപാന്തരപ്പെടുത്തുവാനും പുനഃസംഘടിപ്പിക്കുവാനും പ്രത്യാശിക്കുന്നു. 2021 ജനുവരി 15-ന് അവതരിപ്പിച്ച ബഡ്ജറ്റ് ഈ മാതൃക ഉയർത്തിപ്പിടിക്കുകയും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം ആളുകൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് കെ-ഡിസ്ക് മുഖേനയുള്ള ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള വിവിധങ്ങളായ പുതിയ പദ്ധതികൾ മുഖേന സംസ്ഥാനത്തെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് കൂടുതൽ

തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുവാൻ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, ഉന്നത വിദ്യാഭ്യാസത്തിൽ 'മികവിന്റെ കേന്ദ്രങ്ങൾ' സ്ഥാപിക്കുക എന്നിവയിൽ ഈ ബഡ്ജറ്റിൽ ഉയർന്ന നിക്ഷേപങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അത് 2500 സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇന്നോവേഷൻ ഫണ്ട് സ്ഥാപിക്കുന്നതിനും പ്രധാന സർവ്വകലാശാലകൾക്ക് അവയുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉയർന്ന സഹായം നൽകുന്നതിനും കെ-ഫോൺ പ്രോജക്ടിന്റെ പൂർത്തീകരണം, വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പുകളുടെ വിതരണം എന്നിവ ഉൾപ്പെടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിൽ ഉയർന്ന നിക്ഷേപങ്ങൾ നടത്തുന്നതിനും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ ഉദ്യമങ്ങൾ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ രൂപാന്തരപ്പെടുത്തും.

17. കേരളത്തിന്റെ വികസന പരിചയം അതുല്യ സവിശേഷതകൾ ഉള്ളതും അത് വ്യത്യസ്തവുമാണ്. കഴിഞ്ഞ കാലത്ത്, കുറഞ്ഞ പ്രതിശീർഷ വരുമാനത്തിലും ഒരു ഉയർന്ന മനുഷ്യ വികസന നിലവാരം നാം കൈവരിക്കുകയുണ്ടായി. സാമൂഹിക അടിസ്ഥാനത്തിലുള്ള ബഹുജന പ്രസ്ഥാനം നടപ്പാക്കിയ സാമൂഹിക മേഖലകളിലെ പൊതുജന ഇടപെടലുകളിലൂടെയാണ് ഇത് സാധ്യമായത്. നമ്മുടെ ജനതയെ രാജ്യത്തിനകത്തും വിദേശത്തേയ്ക്കും പോകുന്നതിനും അവരുടെ സമ്പാദ്യങ്ങളിൽ ഒരു ഭാഗം പണമായി സംസ്ഥാനത്തേയ്ക്ക് അയയ്ക്കുന്നതിനും ഇത് സഹായിച്ചു. ഇത് നമ്മുടെ പ്രതിശീർഷവരുമാന വളർച്ചയെ ഊർജ്ജിതപ്പെടുത്തി. നിലവിൽ, നമ്മുടെ പ്രതിശീർഷ ജി.എസ്.ഡി.പി. ദേശീയ ശരാശരിയേക്കാൾ 60 ശതമാനം ഉയർന്നതാണ്.

18. മുൻപ് പരാമർശിച്ച പ്രകാരം, 2019-ലെ നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ സൂചികയിൽ കേരളം പ്രഥമസ്ഥാനത്താണ് എന്നുമാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകളും ചുമതലകളും ഉദ്യോഗസ്ഥരേയും കൈമാറുന്നതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങൾക്കിടയിലും 'ഡെവലൃൂഷൻ ഇൻഡക്സിൽ' അത് ഉയർന്ന സ്ഥാനം വഹിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും കേരളത്തിന്റെ വികസന പരിചയം രണ്ട് പ്രധാന വെല്ലുവിളികളെ നേരിടുന്നുണ്ട്. അത് കാണാതെ പോകുവാൻ കഴിയില്ല. സാമൂഹികവും ഭൗതികവുമായ അടിസ്ഥാന സൗകര്യ

ആവശ്യങ്ങളിൽ കേരളത്തിന്റെ മൂലധന ചെലവ് വർദ്ധിപ്പിക്കേണ്ടതും നമ്മുടെ യുവജനതയ്ക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കുംവേണ്ടി ഗുണനിലവാരമുള്ള കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കേണ്ടതുമാണ്. ഈ രണ്ട് വെല്ലുവിളികളും നേരിടുന്നതിനാണ് എന്റെ സർക്കാർ, സാമൂഹികവും ഭൗതികവുമായ അടിസ്ഥാനസൗകര്യങ്ങളിൽ മതിയായ നിക്ഷേപം ഉറപ്പുവരുത്തുന്നതിന് കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (KIIFB) എന്നപേരിൽ സമർപ്പിതവും അതുല്യവുമായ ഒരു നിക്ഷേപ ഏജൻസി രൂപീകരിച്ചത്. സംസ്ഥാനത്ത് കാലാവസ്ഥ പ്രതിരോധ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിനായി' (RKI) ബഹുമുഖവും ഉഭയകക്ഷികളുമായ ദാതാക്കളിൽനിന്നും സഹായവും പിന്തുണയും ഇതിന് ലഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പ്രധാന വെല്ലുവിളിയായ തൊഴിൽ പ്രദാനം ചെയ്യുന്നതിനായി നമ്മുടെ ബഡ്ജറ്റിൽ നിരവധി പദ്ധതികളുണ്ട്.

19. വിവിധ വകുപ്പുകളുടെ പദ്ധതികളും അവരുടെ ശ്രദ്ധേയമായ നേട്ടങ്ങളും ഭാവിയിലെ അവരുടെ പ്ലാനുകളും സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഇനി ഞാൻ കടക്കുന്നു.

## കൃഷി വികസനവും കർഷകക്ഷേമവും വകുപ്പ്

20. സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളും സ്മാർട്ട് കൃഷിഭവനുകളായി രൂപാന്തരപ്പെടുത്തുന്നതാണ്.

21. കേരള കാർഷിക സർവ്വകലാശാലയിൽനിന്നും അനുബന്ധ മേഖലാ സ്ഥാപനങ്ങളിൽ നിന്നുമുള്ള ശാസ്ത്രജ്ഞൻമാരുടെ ഗവേഷണഫലങ്ങൾ സംസ്ഥാനത്തെ വിളകളുടെ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കുന്നതാണ്.

22. അടുത്ത അഞ്ച് വർഷങ്ങളിൽ കർഷകരുടെ വരുമാനം 50 ശതമാനം കണ്ട് ഉയർത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ആവശ്യത്തിനായി അഗ്രോപ്രോസസ്സിംഗും മൂല്യവർദ്ധനവും വിപണനവും നടത്തുകയും പുതിയ ചെറുകിട ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളും അഗ്രോ പാർക്കുകളും സ്ഥാപിക്കുകയും ചെയ്തുകൊണ്ട് മൂല്യവർദ്ധനവ് ശക്തിപ്പെടുത്തുന്നതാണ്.

23. അടുത്ത അഞ്ച് വർഷക്കാലയളവിൽ പച്ചക്കറികളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരളത്തിൽ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതാണ്.

24. അടുത്ത അഞ്ച് വർഷക്കാലയളവിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം ഇരട്ടിയാക്കുന്നതും അതിന്റെ ലഭ്യതയും വിതരണവും ഓൺലൈൻ പോർട്ടൽ മുഖാന്തരം നടത്തുന്നതുമാണ്.

25. കർഷകർക്ക് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പുതിയ നഴ്സറി നിയമം ഉണ്ടാക്കുന്നതാണ്.

26. 'ബേയ്സ് പ്രൈസ് പ്രോഗ്രാമിൽ' ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ അടിസ്ഥാന വില ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും പ്രസ്തുത പരിപാടിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്തുന്നതുമാണ്.

27. പൊതു ആരോഗ്യത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിനും അത് മെച്ചപ്പെടുത്തുന്നതിനും "ന്യൂട്രീഷൻ ഗാർഡൻ" സ്ഥാപിക്കുന്നതാണ്.

28. നെൽക്കൃഷി വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതാണ്.

29. പുതിയ ബ്ലോക്ക്തല 'കാൾ സെന്ററുകൾ' സ്ഥാപിക്കുന്നതാണ്.

30. നഗര കൃഷിയുടെ (urban farming) അവസരങ്ങൾക്കുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്**

31. മൃഗസംരക്ഷണ വകുപ്പിന്റെ കർഷക സൗഹൃദപരമായുള്ള സമഗ്ര പുനഃസംഘടനയുടെ ഭാഗമായി 24 മണിക്കൂർ മൃഗസംരക്ഷണ സേവനങ്ങൾ ആകെയുള്ള 77 താലൂക്കുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

32. ദേശീയ കന്നുകാലി ദൗത്യത്തിനുകീഴിൽ (National Livestock Mission) തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ആടുകൾക്കായുള്ള ഒരു പുതിയ മികവിന്റെ കേന്ദ്രം (Center of Excellence in Goat) പ്രവർത്തനക്ഷമമാക്കുന്നതാണ്.

33. പരമാവധി പാലുല്പാദനവും പ്രത്യുല്പാദന ശേഷിയും ഉറപ്പാക്കുന്നതിനായി കന്നുകുട്ടി പരിപാലന പദ്ധതി വ്യാപ്തിയിലും പരിധിയിലും വികസിപ്പിക്കുന്നതാണ്.

34. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് സ്കീമിലൂടെ കർഷകർക്ക് സഹായങ്ങൾ നൽകി മൃഗസംരക്ഷണവും ക്ഷീര വികസനവും മേഖലകളിലെ തൊഴിലവസരങ്ങൾ 50 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. പാലധിഷ്ഠിത ഉല്പന്നങ്ങൾ മൂല്യവർദ്ധിത മാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

35. കർഷകർക്കുള്ള വാതിൽപ്പടി മൃഗസംരക്ഷണ സേവനങ്ങൾക്കായി ആകെയുള്ള 152 ബ്ലോക്ക് പഞ്ചായത്തുകളിലും ആംബുലൻസുകൾ നൽകുന്നതാണ്.

36. എല്ലാ തൽപ്പരകക്ഷികൾക്കും വിവരങ്ങളും സ്ഥിതിവിവര കണക്കുകളും ലഭ്യമാകുന്നതിന് ആശ്രയമായി കേരള സ്റ്റേറ്റ് ഡെയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതാണ്.

## ആയുഷ് വകുപ്പ്

37. ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആയുർവ്വേദ വൈദ്യശാസ്ത്ര വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള 1206 വിദഗ്ദ്ധ ആയുർരക്ഷാ ക്ലിനിക്കുകൾവഴി സമ്പർക്ക വിലക്കിൽ കഴിയുന്ന അത്യാസന്ന നിലയിലുള്ളവർക്കും മുതിർന്ന പൗരന്മാർക്കും ആയുർവ്വേദ പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയുണ്ടായി. 2021 മെയ് 20 വരെയായി ആയുർവ്വേദ പ്രതിരോധ തന്ത്രത്തിൻ കീഴിൽ 23 ലക്ഷത്തിലധികം ആളുകൾ സംരക്ഷിക്കപ്പെട്ടിട്ടുള്ളതായി വകുപ്പ് സമാഹരിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നു. 2021 മേയ് 20 വരെ, കാറ്റഗറി-എ കോവിഡ് രോഗികൾക്കായുള്ള ആയുർവ്വേദ മാനേജ്മെന്റ് പ്രോഗ്രാമായ ഭേഷജം, കോവിഡ് പോസിറ്റീവ് ആയ ഏകദേശം 1,57,000 രോഗികളിൽ എത്തിക്കുകയും അതുപോലെ കോവിഡാനന്തര രോഗികൾക്കു വേണ്ടിയുള്ള ആയുർവ്വേദ രോഗ വിമുക്ത പരിപാലന പരിപാടിയായ പുനർജ്ജനി ഏതാണ്ട് 1,53,000 ആളുകൾക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ നിലവിലെ രണ്ടാം തരംഗത്തിൽ ആയുർവ്വേദത്തിന്റെയും ഹോമിയോപ്പതിയുടെയും പ്രതിരോധ തന്ത്രങ്ങളുടെ ലക്ഷ്യവും പ്രാപ്യതയും വർദ്ധിപ്പിക്കു ന്നതിനായി ആയുഷ് വകുപ്പ് വിശദമായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

38. കണ്ണൂരിലെ നിർദ്ദിഷ്ട അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷണ സ്ഥാപനം സ്ഥാപിതമായാൽ ആയുർവ്വേദ ചികിത്സകളുടെ ശാസ്ത്രീയ നിർണ്ണയവും വ്യവസ്ഥാപിതമായ രേഖപ്പെടുത്തലും സുഗമമാകുന്നതാണ്.

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

39. എന്റെ സർക്കാർ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനെ സാമ്പത്തികമായി ശക്തിപ്പെടുത്തുവാൻ പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാർ 300 കോടി രൂപയുടെ അധിക ഗ്യാരന്റി കോർപ്പറേഷന് നൽകുകയുണ്ടായി. പരിവർത്തിത ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഉചിതമായ തോതിൽ പരിഗണിക്കുന്നതാണ്.

## കോസ്റ്റൽ ഷിപ്പിംഗും ഉൾനാടൻ ജലഗതാഗതവും വകുപ്പ്

40. സംസ്ഥാനത്തിന്റെ മുഖ്യധമനിയായിട്ടുള്ള ജലപാതയായ വെസ്റ്റ് കോസ്റ്റ് കനാൽ (WCC) തെക്ക് കോവളത്തെയും വടക്ക് ബേക്കലിനെയും 616 കി.മീ. ദൈർഘ്യത്തിൽ ബന്ധിപ്പിക്കുന്നു. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനവും നിർദ്ദിഷ്ട പുതിയ കനാലിന്റെ രൂപീകരണവും മൂന്ന് ഘട്ടങ്ങളിലായി വിഭാവന ചെയ്തിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ദേശീയ ജലപാതകളുടെ നിലവാരത്തോട് സമാനമായ തരത്തിൽ സംസ്ഥാന ജലപാതകളുടെ നിലവാരം ഉയർത്തുകയും 500 ടൺ വരെ ചരക്ക് ഗതാഗതത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണ് 2025 അവസാനത്തോടെയുള്ള മൂന്നാം ഘട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ.

## സഹകരണ വകുപ്പ്

41. സഹകരണ മേഖലയെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാരിന്റെ സമീപകാല നയങ്ങൾ പിന്തിരിപ്പനായിരിക്കുകയാണ്. എന്നിരുന്നാലും എന്റെ സർക്കാർ സഹകരണ മേഖലയെ ശക്തിപ്പെടുത്താനുള്ള പ്രയത്നങ്ങൾ തുടരുന്നതാണ്.

42. സഹകരണത്തിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിലേയ്ക്ക് യുവസംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി സംസ്ഥാനത്ത് ഇരുപത്തിയഞ്ച് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതാണ്.

43. സംസ്ഥാനമാകെയുള്ള അധികാര പരിധിയോടുകൂടിയ ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതും പാലക്കാട് റൈസ് മിൽ മാതൃകയിലുള്ള രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതുമാണ്.

44. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ (SPCS) മാതൃകയിൽ കലാകാരന്മാർ-സംഗീതജ്ഞർ, പ്രകടന കലാകാരന്മാർ, നാടക കലാകാരന്മാർ തുടങ്ങിയവർക്കുള്ള ഒരു സംഘം രൂപീകരിക്കുന്നതാണ്.

45. കേരള ബാങ്കിനായുള്ള സമഗ്ര സോഫ്റ്റ്വെയർ ഈ വർഷംതന്നെ പ്രവർത്തനപഥത്തിലാക്കുന്നതും കേരള ബാങ്കിന്റെ സേവന ശൃംഖലയിൽ മലപ്പുറം ജില്ലയെ ഉൾപ്പെടുത്തുന്നതിനുള്ള അതിന്റെ ശ്രമങ്ങൾ സംസ്ഥാനം തുടരുന്നതുമാണ്.

46. 2020 നവംബർ 29-ന് കേരള ബാങ്ക് നിലവിൽ വന്നു. എന്റെ സർക്കാർ 400 കോടി രൂപയുടെ ഓഹരി നിക്ഷേപം കേരള ബാങ്കിൽ നടത്തിയിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, IMPS, RTGS/NEFT, ATM, Wallet/UPI സേവനങ്ങൾ മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗ സംഘങ്ങൾക്കും പൊതുജനങ്ങൾക്കും മിതമായ നിരക്കിൽ നൽകുന്നതിന് ബാങ്കിന് കഴിയുന്നതാണ്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുമിടയിൽ (PACS) കോർ ബാങ്കിംഗ് സൊലൂഷൻസ് (CBS) നടപ്പിൽ വരുത്തുന്നതാണ്.

47. 2021-22 വർഷത്തിൽ എല്ലാ ജില്ലകളിലും സഹകരണ ചന്തകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. കോപ്-മാർട്ട് പദ്ധതിയിൻകീഴിൽ ഒരു ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം വികസിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യും. പട്ടികജാതി-പട്ടികവർഗ്ഗ ജനതയ്ക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുള്ള സഹായത്താൽ 'പുനർജനി' പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളെ നവീകരിക്കുന്നതാണ്. നബാർഡിന്റെ വിദഗ്ധോപദേശ സഹായത്തോടെ സഹകരണ മേഖലയിൻകീഴിൽ പാലക്കാട് സ്ഥാപിച്ച ആധുനിക റൈസ് മില്ലായ പാപ്കോസ് (PAPCOS) ഈ സാമ്പത്തിക വർഷത്തിൽ വാണിജ്യാടി സ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിക്കുന്നതാണ്.

## ദേവസ്വം വകുപ്പ്

48. എന്റെ സർക്കാർ ശബരിമല തീർത്ഥാടകർക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങളായ വിശ്രമത്തിനും ആശ്വാസത്തിനുംവേണ്ടി മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിന് കിഫ്ബിയുടെ സഹായത്തോടെ ശബരിമല ഇടത്താവളം പദ്ധതി നടപ്പിലാക്കി വരുന്നു.

## സാംസ്കാരിക വകുപ്പ്

49. കേരള പാരമ്പര്യ ഗ്രാമീണ കരകൗശല വിദഗ്ധർക്ക് ഉപജീവന സഹായം എത്തിച്ചു നൽകുന്നതിനുവേണ്ടിയും അവർക്ക് സുസ്ഥിര വ്യാപാരത്തെരുവുകൾ ഒരുക്കുന്നതിനുവേണ്ടിയും ഗ്രാമീണകല ഹബ്ബ്

പദ്ധതി (Rural Art Hub) എന്ന പേരിൽ ഒരു പുതിയ പദ്ധതി സംസ്ഥാനത്തെ 14 പൈതൃക കലാ-കരകൗശല ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ ഉദ്ദേശം രണ്ടായിരം കരകൗശല വിദഗ്ദ്ധർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

50. 2020-ൽ മഹാമാരിയുടെ ആദ്യ തരംഗത്തിൽ ഏകദേശം 66,000 കലാകാരന്മാർക്കും സാംസ്കാരികപ്രവർത്തകർക്കുമായി 10.25 കോടി രൂപ കോവിഡ് സഹായമായി വിതരണം ചെയ്തിരിക്കുന്നു.

51. കേരളത്തിന്റെ നവോത്ഥാന നായകരുടെ നാമധേയത്തിൽ, ഓരോ ജില്ലയിലും ഒന്നു വീതമുള്ള, 14 സുപ്രധാന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം സാംസ്കാരിക വകുപ്പിൻകീഴിൽ ഏറ്റെടുത്തിരിക്കുന്ന ഒരു ചരിത്ര പ്രധാന പദ്ധതിയാണ്.

52. മലയാളം മിഷന് 32 വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിലും ചാപ്റ്ററുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇത് 'റേഡിയോ മലയാളം' എന്നുവിളിക്കുന്ന ഒരു ഇന്റർനെറ്റ് റേഡിയോ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അത് ശ്രദ്ധേയമായ ഒരു നേട്ടമാണ്.

53. കേരളത്തിന്റെ തനതു സംസ്കാരം പ്രദർശിപ്പിക്കുന്നതിനായി ഒരു കേരള സാംസ്കാരിക മ്യൂസിയം 2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതാണ്. നിർദ്ദിഷ്ട മ്യൂസിയം കേരളത്തിന്റെ ഭൂതകാല ഗോത്രപരവും സാമൂഹികവുമായ ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുന്നതാണ്.

54. പ്രാദേശിക കലാകാരന്മാർക്കുള്ള വേദി ഒരുക്കുന്നതിനും സാഹിത്യ പ്രഭാഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങളെ സാംസ്കാരിക പ്രവർത്തന ഹബ്ബായി സജ്ജീകരിക്കുന്നതാണ്. കൂടുതൽ കലാ-കരകൗശല വില്ലേജുകളെ ഉൾക്കൊള്ളിക്കുന്നതിനായി ഗ്രാമീണ കലാ ഹബ്ബ് പദ്ധതിയെ ഗ്രാമീണ കലാ-കരകൗശല ഹബ്ബുകളായി വിപുലപ്പെടുത്തുന്നതാണ്.

55. കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാരുടെ അവതരണങ്ങൾക്ക് ഒരു വേദിയൊരുക്കുന്നതിനും അവർക്ക് സഹായം എത്തിക്കുന്നതിനുമായി ഒരു ഓൺലൈൻ സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നതാണ്.

## ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ്

56. കേരള സംസ്ഥാന ഐ.റ്റി. മിഷന്റെ 2021-22-ലെ ശ്രദ്ധാകേന്ദ്രം ഐ.റ്റി. അടിസ്ഥാന സൗകര്യങ്ങളുടെ നട്ടെല്ലായി രൂപപ്പെടുന്ന ഡാറ്റാ സെന്ററുകളെ നവീകരിക്കുക, ആധാർ ഡാറ്റാ വോൾട്ട്, ഏകീകൃത സ്റ്റേറ്റ് പോർട്ടൽ, ഡാറ്റാ അനലിറ്റിക്സിനും നിർമ്മിത ബുദ്ധിക്കുംവേണ്ടിയുള്ള മികവിന്റെ കേന്ദ്രം എന്നിവയുടെ സ്ഥാപനം, സിംഗിൾ സൈൻ ഓൺ (Single Sign On) നടപ്പിലാക്കൽ എന്നിവയായിരിക്കും.

57. നിലവിൽ, പൊതുസ്ഥലങ്ങളിൽ സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിന് 2000 പൊതു വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇത് വ്യാപിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്ക് last mile connectivity ഉറപ്പാക്കുക, നിർധന കുടുംബങ്ങൾക്ക് സൗജന്യ High Speed Internet ലഭ്യമാക്കുക എന്ന വീക്ഷണത്തോടെയുള്ള കെ-ഫോൺ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (SSDG) പോർട്ടലും എം-കേരളം App-ഉം സാധാരണ ജനങ്ങൾക്ക് ഇ-ഗവേണൻസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. സമയബന്ധിതമായ നടപടികളും കൂടുതൽ സുതാര്യതയും ഉറപ്പുവരുത്തുന്നതിന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഇലക്ട്രോണിക് ഫയൽ പ്രോസസിംഗ് സിസ്റ്റം നടപ്പിലാക്കുന്നതാണ്.

58. വിവരസാങ്കേതികവിദ്യാ വ്യവസായത്തിനുവേണ്ടി 2020-21 സാമ്പത്തിക വർഷാവസാനത്തോടെ ടെക്നോപാർക്ക് ഏകദേശം 10.27 ദശലക്ഷം ചതുരശ്ര അടിയും ഇൻഫോപാർക്ക് ഏകദേശം 9 ദശലക്ഷം ചതുരശ്ര അടിയും സ്ഥലം നിർമ്മിച്ചിട്ടുണ്ട്. ടെക്നോപാർക്കിലും ഇൻഫോപാർക്കിലും യഥാക്രമം 450-ഉം 425-ഉം IT/ITES കമ്പനികൾ സ്ഥാപിച്ചിട്ടുള്ളതും അവ 1.2 ലക്ഷം IT സ്റ്റാഫിന് നേരിട്ട് തൊഴിലവസരങ്ങൾ നൽകുന്നതുമാണ്. എന്റെ സർക്കാർ കോവിഡ് 19 മഹാമാരിയുടെ വെളിച്ചത്തിൽ 3 മാസത്തെ വാടക ഒഴിവാക്കൽ പദ്ധതിയും സൗജന്യ വാടക കാലയളവ് പദ്ധതിയും നടപ്പിലാക്കിയതു വഴി സർക്കാർ ഉടമസ്ഥതയിലുള്ള IT കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സാങ്കേതികവിദ്യാ കമ്പനികളെ പിന്തുണയ്ക്കുകയുണ്ടായി. നിരവധി ബഹുരാഷ്ട്ര കമ്പനികൾ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ അവരുടെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന്/വിപുലീകരിക്കു

ന്നതിനുള്ള പ്രക്രിയയിലാണ്. തിരുവനന്തപുരത്തെ ടെക്നോസിറ്റി കാമ്പസിൽ അനുവദിച്ചിട്ടുള്ള 97 ഏക്കറിൽ ടി.സി.എസ്. എയ്റോസ്പേസ് ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടി.സി.എസ്. 2020-21-ൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തൃശ്ശൂരിലെ ഇൻഫോ പാർക്ക് 39 കമ്പനികളുമായി വ്യത്യസ്തതലങ്ങളിലും വിഭാഗങ്ങളിലുമായി പ്രവർത്തിക്കുകയും ഒരു അർദ്ധ നഗര പ്രദേശത്ത് 1100-ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

59. കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോൺ (TIZ), കണ്ണൂരിലെ വില്ലേജ് നോളജ് സെന്റർ എന്നീ പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് കേരള സംസ്ഥാന ഐ.ടി. മിഷൻ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് കമ്മീഷൻ ചെയ്യുന്നതാണ്. TIZ-ന്റെ സമാരംഭത്തോടെ കളമശ്ശേരി രാജ്യത്തെ ഏറ്റവും വലിയ ഹാർഡ്‌വെയർ ഇക്കോസിസ്റ്റം ആയിത്തീരുന്നതാണ്.

60. കേരളത്തിലെ ടെക്നോളജി സ്റ്റാർട്ടപ്പ് എക്കോസിസ്റ്റത്തിന്റെ സ്ഥാപനത്തിനും വളർച്ചയ്ക്കുമായി യുവസംരംഭകത്വ പദ്ധതിയും ടെക്നോളജി ഇന്നൊവേഷൻ പദ്ധതിയും പോലെയുള്ള പ്രധാന പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പാക്കി വരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ ഇതുവരെ 3900 സ്റ്റാർട്ടപ്പുകൾ, 4 ആക്സിലറേറ്ററുകൾ, 40 ഇൻകുബേറ്ററുകൾ, 280 മിനി ഇൻകുബേറ്ററുകൾ, സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്ന 30000 ആസ്പയറിംഗ് എന്റർപ്രേണേഴ്സ് എന്നിവ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ 2021-2022-ലും തുടരുന്നതാണ്. അഭ്യസ്തവിദ്യരായ തൊഴിൽരഹിത വനിതകളുടെ കഴിവ് പ്രയോജനപ്പെടുത്താനുദ്ദേശിച്ചു കൊണ്ട് 2020-21-ൽ ആരംഭിച്ച K-WINS പദ്ധതി തുടരുന്നതാണ്.

61. എന്റെ സർക്കാർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ്, കേരള (IIITM, Kerala)-യെ 'The Kerala University of Digital Sciences, Innovation and Technology" എന്നപേരിൽ ഒരു സർവ്വകലാശാലയായി പുനർരൂപീകരിക്കുന്നതിനുവേണ്ടി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാല പ്രധാനമായും ഗവേഷണം, വിദ്യാഭ്യാസം, ഔട്ട്റീച്ച് പരിപാടികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും അതുവഴി അതിനെ ഡിജിറ്റൽ

സാങ്കേതികവിദ്യയുടെയും അനുബന്ധ മേഖലകളുടെയും ഒരു മികവിന്റെ കേന്ദ്രമാക്കുന്നതുമാണ്. കൊച്ചിയിലെ മേക്കർ വില്ലേജ് രാജ്യത്തെ ഏറ്റവും വലിയ ഹാർഡ്‌വെയർ ഡീപ്പ് ടെക് ഇൻകുബേറ്റർ ആയിരിക്കുന്നതും കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) പങ്കാളിയായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, കേരള (IIITM-K) നടപ്പാക്കിയിരിക്കുന്നതുമാണ്. പുതിയ കാലത്തെ ഡിജിറ്റൽ ജോലികൾ പ്രയോജനപ്പെടുത്തുവാൻ യുവതയെ നിപുണരാക്കുന്നതിന് സർക്കാരിനെ സഹായിക്കുന്നതിൽ സർവ്വകലാശാലയെ പ്രോത്സാഹിപ്പിക്കുന്നതാണ്.

62. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ICFOSS) ഇന്ത്യയിലും വിദേശത്തുമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. മലയാളം കമ്പ്യൂട്ടിംഗിനുള്ള സംസ്ഥാന നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ള ICFOSS, സാങ്കേതികവിദ്യയുടെ പ്രാദേശിക വൽക്കരണത്തിനായി പത്ത് സോഫ്റ്റ്‌വെയർ സൊല്യൂഷൻസ് പൊതുജനങ്ങൾക്കായി വികസിപ്പിച്ചു നൽകുകയും ഇ-ഗവേണൻസ് രംഗത്ത് മലയാളഭാഷയുടെ ഫലപ്രദമായ ഉപയോഗത്തിനുവേണ്ടി ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നു.

63. ഇപ്പോൾ മൂന്ന് ദശാബ്ദത്തിലേറെയായി സർക്കാർ മേഖലയിലെ സാങ്കേതികവിദ്യാ സൊല്യൂഷൻ ദാതാവായി സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) പ്രവർത്തിച്ചുവരുന്നു. മാനേജ്ഡ് സെക്യൂരിറ്റി സർവ്വീസസ്, ആഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി സൗകര്യങ്ങൾ, ആഗ്മെന്റേഷൻ ഓഫ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ആക്ടിവിറ്റീസ്, 6 സെക്യൂരിറ്റി ഡോക്യുമെന്റ് ഫോറൻസിക് ലാബിന്റെ നവീകരണം, വെബ് ചാനലിനുവേണ്ടി വീഡിയോ പ്രൊഡക്ഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഡിജിറ്റൽ ആർക്കൈവിംഗ് കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയുടെ ശക്തിപ്പെടുത്തലും തിരുവനന്തപുരത്ത് C-DIT-നുവേണ്ടിയുള്ള ICT കെട്ടിടത്തിന്റെ പൂർത്തീകരണവുമാണ് വരുംവർഷങ്ങളിൽ C-DIT-ന്റെ ശ്രദ്ധാകേന്ദ്രം.

64. ഒരു അപേക്ഷകനും ഒരു സർക്കാർ ഓഫീസും സന്ദർശിക്കാതെതന്നെ എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനായി പൗരന്മാർക്ക് നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മഹാത്മാ ഗാന്ധിയുടെ ജന്മദിനത്തിൽ, 2021 ഒക്ടോബർ 2-ന് ഈ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

**പരിസ്ഥിതി വകുപ്പ്**

65. 2019-ലെ തീരദേശ നിയന്ത്രണ മേഖല (Coastal Regulation Zone) വിജ്ഞാപനപ്രകാരം കേരള തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റി (Kerala Coastal Zone Management Authority) (KCZMA) എല്ലാ തീരദേശ ജില്ലകൾക്കുംവേണ്ടി കരട് തീരദേശ മേഖല മാനേജ്മെന്റ് പ്ലാൻ (Coastal Zone Management Plan) (CZMP) തയ്യാറാക്കിയിട്ടുള്ളതും ആയത് അന്തിമമാക്കുന്നത് പരിഗണനയിലുമാണ്.

66. 'ക്ലൈമറ്റ് റിസിലിയന്റ് ഫാമിംഗ്' എന്ന പ്ലാൻ സ്കീമിന്റെ കീഴിൽ കൊല്ലം ജില്ലയിലെ മൺറോത്തുരുത്തിൽ ഒരു മോഡൽ ക്ലൈമറ്റ് റിസിലിയന്റ് അഗ്രികൾച്ചറൽ പ്രാക്ടീസിന്റെ വികസനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

67. നടപ്പുവർഷത്തിൽ, കാലാവസ്ഥാ വ്യതിയാന പ്രവൃത്തികൾക്കുള്ള (ലഘൂകരണവും പൊരുത്തപ്പെടലും) ശേഷി വളർത്തുന്നതുവഴി ആഗോള കാലാവസ്ഥാ വ്യതിയാനത്തിനോട് പ്രതികരിക്കുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതിനും കാലാവസ്ഥാ ശാസ്ത്രം, നയങ്ങൾ, ജനത എന്നിവയെ ബന്ധിപ്പിച്ചുള്ള സേവനങ്ങളും മികവാർന്ന കാലാവസ്ഥാ വ്യതിയാന നിയന്ത്രണവുംവഴി കേരളത്തെ ഒരു കാലാവസ്ഥാ പൂർവ്വസ്ഥിതി സംസ്ഥാനമാക്കി മാറ്റുന്നതിനുംവേണ്ടി കാലാവസ്ഥാ വ്യതിയാനത്തിന്മേലുള്ള ദേശീയ കർമ്മപദ്ധതിക്കനുസരണമായി (National Action Plan on Climate Change) (NAPCC) കാലാവസ്ഥാ വ്യതിയാനത്തിന്മേലുള്ള സംസ്ഥാന കർമ്മ പദ്ധതി (State Action Plan on Climate Change) (SAPCC) പരിഷ്കരിക്കുന്നതുമാണ്.

68. താമസിക്കാനുള്ള കെട്ടിടങ്ങൾക്കായുള്ള കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ) ക്ലിയറൻസിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ ഓൺലൈനായി നടപടിയെടുക്കുന്നത് 2021-22 സാമ്പത്തിക വർഷത്തോടെ ആരംഭിക്കുന്നതാണ്.

## എക്സൈസ് വകുപ്പ്

69. എന്റെ സർക്കാർ 'ലഹരി മുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി "വിമുക്തി" ദൗത്യം സമാരംഭിച്ചിട്ടുണ്ട്. മയക്കമരുന്നുപയോഗത്തിൽ ഏർപ്പെട്ട ആളുകൾക്ക് ചികിത്സ നൽകുന്നതിനായി വിമുക്തി ദൗത്യം സർക്കാർ ആശുപത്രികളുടെ സഹകരണത്തോടെ 14 വിമുക്തി ലഹരിമുക്ത കേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. നാളിതുവരെ 44673 പേർക്ക് ഈ ലഹരി മുക്ത കേന്ദ്രങ്ങൾവഴി ചികിത്സ നൽകിയിട്ടുണ്ട്.

70. മയക്കമരുന്നിന്റെ ദുരുപയോഗവും ഉപഭോഗവും കണ്ടെത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പറോ കൗൺസിലറോ കൺവീനറായുള്ള ഒരു വിമുക്തി ജാഗ്രതാ സമിതി രൂപീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ തുടർനടപടികൾ ആവശ്യമുണ്ടെങ്കിൽ സമിതി എക്സൈസ് വകുപ്പിനെ വിവരം അറിയിക്കുന്നതാണ്.

71. എന്റെ സർക്കാർ സ്കൂൾ, കോളേജ് കാമ്പസുകളെ ലഹരിമുക്തമാക്കാൻ ലക്ഷ്യമിടുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ നിലവിൽ 5741 ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സർക്കാർ, സ്വകാര്യ സ്കൂളുകളിലേയ്ക്കും ലഹരി വിരുദ്ധ ക്ലബ്ബുകൾ വ്യാപിപ്പിക്കുകയും എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ "ഉണർവ് പദ്ധതി" നടപ്പിൽ വരുത്തുകയും ചെയ്യും.

## മത്സ്യബന്ധനവും തുറമുഖ എഞ്ചിനീയറിംഗും വകുപ്പ്

72. വേലിയേറ്റ രേഖയ്ക്ക് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18,685 മത്സ്യബന്ധന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപ ചെലവിലുള്ള "പുനർഗേഹം" പദ്ധതി ത്വരിതപ്പെടുത്തുന്നതാണ്.

73. നൂതന സാങ്കേതികവിദ്യകളായ ബയോഫ്ലോക്ക് അക്വാകൾച്ചർ സിസ്റ്റം, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഇന്റൻസീവ് അക്വാകൾച്ചർ എന്നിവയിൽ കേന്ദ്രീകരിച്ച് ഉൾനാടൻ മത്സ്യോല്പാദനം ഇരട്ടിയാക്കുന്നതാണ്.

74. നിലവിലെ കോവിഡ്-19 സാഹചര്യത്തിൽ ന്യായമായ വിലയ്ക്ക് ശുദ്ധ മത്സ്യത്തിന്റെ വാതിൽപ്പടി വിതരണം പ്രോത്സാഹിപ്പിക്കുന്നതാണ്. ഇത് മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത മത്സ്യക്കടകളിലൂടെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്.

75. മുതലപ്പൊഴി, ചെല്ലാനം, താനൂർ, കൊയിലാണ്ടി, വെള്ളായിൽ, മഞ്ചേശ്വരം ഉൾപ്പെടെ അനവധി മത്സ്യബന്ധന തുറമുഖങ്ങൾ 2020-21-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ, താനൂർ ബ്രേക്ക് വാട്ടർ, വെള്ളയിൽ മത്സ്യബന്ധന തുറമുഖം, ബേപ്പൂരിലെ ബെർത്തിംഗ് ജെട്ടി, ചൊമ്പാലിലെ മത്സ്യബന്ധന തുറമുഖം എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയുണ്ടായി. കണ്ണൂർ ജില്ലയിലെ തലായി-ചാലിൽ ഗോപാലപ്പെട്ട ഫിംഗർ ജെട്ടി പൂർത്തീകരണത്തോടടുക്കുകയും ചെയ്യുന്നു.

76. തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ ശക്തികുളങ്ങര, നീണ്ടകര, തങ്കശ്ശേരി, കായംകുളം തുറമുഖങ്ങൾ ഏറ്റെടുക്കുന്നതാണ്.

77. പരപ്പനങ്ങാടിയിലും ചെത്തിയിലും പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കുന്നതാണ്. ഓഖി പാക്കേജിന്റെ കീഴിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## ഭക്ഷ്യ പൊതുവിതരണ വകുപ്പ്

78. മഹാമാരിയുടെ സമയത്ത് സംസ്ഥാനത്ത് ഒരാളും വിശപ്പനുഭവിക്കരുത് എന്ന എന്റെ സർക്കാരിന്റെ നയത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കി. അതിഥിത്തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകപ്പെട്ടു. ഭക്ഷ്യധാന്യം, പച്ചക്കറികൾ തുടങ്ങിയവയുടെ വിലവർദ്ധനയും ക്ഷാമവും ഒഴിവാക്കുവാനായി ജാഗരൂകമായ വിപണി ഇടപെടൽ വകുപ്പ് നടത്തിയിട്ടുണ്ട്. 90 ലക്ഷം കുടുംബങ്ങൾക്ക് 10 മുതൽ 14 വരെ അവശ്യ ഇനങ്ങൾ ഉൾക്കൊള്ളുന്ന സൗജന്യ പലവ്യഞ്ജന കിറ്റുകൾ എന്റെ സർക്കാർ വിതരണം ചെയ്തിട്ടുള്ളതും അതോടൊപ്പം റേഷൻ കാർഡ് ഇല്ലാത്തവർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ സൗജന്യ റേഷനും നൽകിയിട്ടുണ്ട്. സൗജന്യ ഭക്ഷ്യ കിറ്റും ഭക്ഷ്യധാന്യങ്ങളും അനാഥാലയത്തിലെയും ക്ഷേമസ്ഥാപനങ്ങളിലെയും അംഗങ്ങൾക്കും കൂടി നൽകുകയുണ്ടായി.

79. ഇ-റേഷൻ കാർഡിന്റെ സമാരംഭം ഒരു ചരിത്രമാറ്റമായിരുന്നതും ആയത് 'ഒരു രാജ്യം-ഒരു റേഷൻ കാർഡ്' എന്ന ആശയം ഉറപ്പിക്കുകയും സംസ്ഥാനങ്ങളിലുടനീളം റേഷൻ കാർഡ് പോർട്ടബിലിറ്റി നടപ്പാക്കുകയും ചെയ്തു. ഈ സംരംഭങ്ങൾ, ഭാരത സർക്കാർ നിഷ്കർഷിക്കുന്ന പ്രവർത്തന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ GSDP-യുടെ 0.25% അധിക വായ്പാപരിധി കൂടി സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് സജ്ജമാക്കുകയും അപ്രകാരം സംസ്ഥാനത്തെ നിർണ്ണായക വിഭവങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

80. പോഷകാഹാര സുരക്ഷ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പൊതുവിതരണ സംവിധാനത്തിലൂടെ ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നത് ഈ വകുപ്പ് വിഭാവന ചെയ്യുന്നു. എത്തിപ്പെടാൻ കഴിയാത്ത എല്ലാ ഗോത്ര, കുടിയേറ്റ പ്രദേശങ്ങളിലും മൊബൈൽ റേഷൻ കടകൾ വ്യാപിപ്പിക്കും. ഭക്ഷ്യ സംസ്കരണ മേഖലയിൽ സംസ്ഥാനത്തിനായി പുതിയ സാധ്യതകൾ തുറക്കുന്നതിനായി പുതിയ കോഴ്സുകളിലൂടെയും പുതിയ സൗകര്യങ്ങളിലൂടെയും Centre for Food Research and Development-നെ ശക്തിപ്പെടുത്തുകയും യുവജനങ്ങൾക്ക് ലാഭകരമായ തൊഴിൽ നൽകുകയും ചെയ്യും.

81. വേഗത്തിൽ കേടുവരുന്നവ കൃഷി ചെയ്യുന്ന കർഷകരുടെ ഉപജീവനസുരക്ഷയ്ക്കായി കാർഷിക ഉല്പന്നത്തിന്റെ സംഭരണ കാലാവധി വർദ്ധിപ്പിക്കുന്നതിനായുള്ള നിർജ്ജലീകരണ പ്ലാന്റ് പ്രവർത്തന സജ്ജമാക്കും.

82. ഉപഭോക്തൃ ചൂഷണം തടയുന്നതിനായി ഇ-കൊമേഴ്സ് മേഖല ഉൾക്കൊള്ളുന്ന 2019-ലെ പുതിയ ഉപഭോക്തൃ സംരക്ഷണ നിയമം രൂപത്തിലും ഉള്ളടക്കത്തിലും നടപ്പാക്കും.

83. പൊതുമേഖലാ സ്ഥാപനങ്ങൾ (PSU) ലാഭകരമായി പ്രവർത്തിക്കുന്നത് ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാനും ഏകീകരിക്കുവാനും ഒരു ERP സൊല്യൂഷൻ നടപ്പിലാക്കും.

84. നെല്ല് സംഭരണം കൂടുതൽ കർഷക കേന്ദ്രീകൃതമാക്കും. കേരളത്തിലെ കാർഷിക ഉത്പന്നങ്ങൾ പ്രത്യേകിച്ചും ഭക്ഷ്യയോഗ്യമായ

നാണ്യവിളകൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി പരിവർത്തനം ചെയ്തശേഷം സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യും. സപ്ലൈകോയ്ക്ക് കീഴിലുള്ള ഹോം ഡെലിവറി ശൃംഖല സംസ്ഥാനത്തുടനീളം കൂടുതൽ വ്യാപിപ്പിക്കും.

85. സംവിധാനം കൂടുതൽ ജനസൗഹൃദവും ബിസിനസ് സൗഹൃദവും ആക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു പുതിയ സാങ്കേതിക ലാബ് പ്രവർത്തനക്ഷമമാകുന്നതാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പ് സ്വർണ്ണത്തിന്റെ മാറ്റുനോക്കലും പരിശോധനയും ലാബുകൾ സ്ഥാപിക്കും.

## വനം വന്യജീവി വകുപ്പ്

86. തിരുവനന്തപുരത്തെ കോട്ടൂരിൽ 176 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഇന്ത്യയിലെ ഏറ്റവും വലിയ അത്യന്താധുനിക ആന പുനരധിവാസ കേന്ദ്രം പദ്ധതി 2021 ഫെബ്രുവരി 16-ന് ഉദ്ഘാടനം ചെയ്തു.

87. തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സുവോളജിക്കൽ പാർക്കിന്റെ ആദ്യ ഘട്ടം ഉദ്ഘാടനം ചെയ്തിട്ടുള്ളതും 2022-ഓടുകൂടി പൂർത്തിയാക്കുന്നതുമാണ്.

88. വനം വകുപ്പിന്റെ ഫീൽഡ് യൂണിറ്റുകൾ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും അങ്ങനെ വനങ്ങളും സമീപപ്രദേശങ്ങളും സമഗ്രവും ഏകോപിതവുമായ പരിപാലനത്തിൽ വരികയും ആയത് അവയുടെ ജലശാസ്ത്രപരമായ ആസൂത്രണത്തെ മെച്ചപ്പെടുത്തുകയും ചെയ്യും. വനം വകുപ്പിലെ ജീവനക്കാർക്ക് ഉചിതമായ പരിശീലനവും ഉപകരണങ്ങളും നൽകുകയും ഘട്ടംഘട്ടമായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമാണ്.

89. എന്റെ സർക്കാർ, സ്കൂൾ/കോളേജ് പരിസരങ്ങളിൽ "വിദ്യാവനം" എന്ന പേരിൽ 500 പ്രദർശന ഹരിത പ്ലോട്ടുകൾ അല്ലെങ്കിൽ ചെറുവനങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതും ഇത് വിദ്യാർത്ഥികൾക്കിടയിൽ പ്രകൃതിയോടും വനങ്ങളോടുമുള്ള സ്നേഹവും സ്വന്തമെന്ന ബോധവും വളർത്തിയെടുക്കുന്നതുമാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ നഗര വനം സ്ഥാപിക്കും.

## പൊതുഭരണ വകുപ്പ്

### കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ക്ലിപ്തം

90. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു കാർഷിക പദ്ധതി കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്.

91. 2020-21 സാമ്പത്തിക വർഷത്തിൽ കേരളത്തിലുടനീളമുള്ള 178 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും 23 വ്യക്തികൾക്കും 1,61,38,350 രൂപയുള്ള സാമ്പത്തിക സഹായം ഇതിനകം കോർപ്പറേഷൻ നൽകിയിട്ടുണ്ട്.

92. വനിതാ ശാക്തീകരണത്തിൽ സാമ്പത്തിക ഇടപെടലിന്റെ ഭാഗമായി, കെ.എസ്.ഡബ്ല്യു.സി.എഫ്.സി. (KSWCFC) 'സമുന്നതി ശുശനില മിനി കഫേ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിക്കുകയും ഇത് സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള ഭക്ഷണം തയ്യാറാക്കാനും നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതുമാണ്. ഇതിനായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ധനലക്ഷ്മി ബാങ്ക് എന്നിവയുമായി സഹകരിച്ചുകൊണ്ടാണ് കോർപ്പറേഷൻ പദ്ധതി നടപ്പാക്കിയത്. ഈ പരിപാടി മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കിടയിലുള്ള വനിതാ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ തൊഴിലവസരങ്ങൾകൂടി വർദ്ധിപ്പിക്കുന്നതാണ്. ആദ്യപടിയായി, സംസ്ഥാനത്തുടനീളമുള്ള 4 വനിതാ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLGs) കോർപ്പറേഷൻ 6,00,000 രൂപ സഹായമായി നൽകിയിട്ടുണ്ട്. കൊട്ടാരക്കര, ആലപ്പുഴ, തലവടി എന്നീ സ്ഥലങ്ങളിൽ മൂന്ന് ശുശനില മിനി കഫേകൾ ഇതിനകം ആരംഭിച്ചിട്ടുള്ളതും ഈ സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം കൂടുതലായി 96 കഫേകൾ ആരംഭിക്കുവാൻ കെ.എസ്.ഡബ്ല്യു.സി.എഫ്.സി. (KSWCFC) പദ്ധതിയിടുന്നു.

### കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി

93. സംസ്ഥാനത്തിലുടനീളമുള്ള യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി കേരളത്തിന്റെ സാമൂഹിക വികസനത്തിനും ഭരണത്തിനുംവേണ്ടി അവരുടെ കഴിവും പ്രതിബദ്ധതയും സമന്വയിപ്പിച്ച് എന്റെ സർക്കാർ വികസിപ്പിച്ചെടുത്ത കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA) രാജ്യത്തെതന്നെ ഇത്തരത്തിലുള്ള ആദ്യത്തെ സവിശേഷ സ്ഥാപനമാണ്.

## സാമൂഹിക സന്നദ്ധ സേന (കമ്മ്യൂണിറ്റി വോളന്റിയർ കോർ)

94. ദുരന്ത പ്രതിരോധ ശേഷിയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിന് അല്ലെങ്കിൽ വികസിപ്പിക്കുന്നതിന് എന്റെ സർക്കാരിനുകീഴിലുള്ള സവിശേഷമായ വോളന്റിയർ കമ്മ്യൂണിറ്റി ടാസ്ക് ഫോഴ്സാണ് സാമൂഹിക സന്നദ്ധസേന. സംസ്ഥാനത്തൊട്ടാകെ ഏകദേശം 3.8 ലക്ഷം രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധസേന വോളന്റിയർമാരുണ്ട്. ഏകദേശം 10000 വോളന്റിയർമാർ പോലീസ് വോളന്റിയർമാരായി രംഗത്ത് സജീവമായിട്ടുണ്ട്. കോവിഡ് ഡ്യൂട്ടിക്കായി 7000 വോളന്റിയർമാരെ വിവിധ സി.എഫ്.എൽ.റ്റി.സി. (CFLTC)-കളിൽ വിന്യസിച്ചിട്ടുണ്ട്. കോവിഡ്-19 അനുബന്ധ പ്രവർത്തനങ്ങൾക്കായി 6000-ത്തോളം വോളന്റിയർമാർ നിലവിൽ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ (LSGI) കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പ്രതിസന്ധികളിലും സന്നദ്ധസേന വോളന്റിയർമാർ മതിയായ ഇടപെടൽ ഉറപ്പുവരുത്തിക്കൊണ്ട്, ദുരന്തങ്ങൾ കൂടുതൽ കാര്യക്ഷമമായി തടയാൻ സഹായകമായി സംസ്ഥാന ഭരണത്തെയും ജില്ലാ ഭരണകൂടങ്ങളെയും പിന്തുണയ്ക്കുന്നു.

95. ന്യൂഡൽഹിയിലെ ട്രാവൻകൂർ പാലസിന്റെ നവീകരണം എൻ.ബി.സി.സി.- യെ (NBCC) ചുമതലപ്പെടുത്തിയിട്ടുള്ളതും പണി ഉടൻ ആരംഭിക്കുന്നതുമാണ്.

## പൊതു വിദ്യാഭ്യാസ വകുപ്പ്

96. എല്ലാ തലങ്ങളിലുമുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും വിദ്യാർത്ഥികളുടെ പ്രവേശനം ഗണ്യമായി വർദ്ധിച്ചു.

97. പകർച്ചവ്യാധിയുടെ സാഹചര്യം ഉണ്ടായിരുന്നിട്ടും വകുപ്പ് ഓൺലൈൻ രീതിയിലൂടെ ക്ലാസ്സുകൾ നടത്തുന്നത് തുടർന്നു.

98. ജീവിത നൈപുണ്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

99. കോവിഡ് -19 ന്റെ കടുത്ത തോതിലുള്ള തരംഗങ്ങൾമൂലം സംഭവിച്ച വൈഷമ്യം മറ്റ് മുൻനിര വകുപ്പുകളുടെ സഹകരണത്തോടും ഏകോപനത്തോടുംകൂടി ആരോഗ്യ വകുപ്പ് വിജയകരമായി കൈകാര്യം ചെയ്തു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ സമയോചിതമായി വികസിപ്പിച്ചു. ആശുപത്രി സൗകര്യങ്ങൾക്കുപുറമെ മൊത്തം 148 സി.എഫ്.എൽ.റ്റി.സി.-കൾ (19093 കിടക്കകൾ), 88 സി.എസ്.എൽ.റ്റി.സി.-കൾ (8470 കിടക്കകൾ) 608 ഗാർഹിക പരിചരണ കേന്ദ്രങ്ങൾ (26679 കിടക്കകൾ) എന്നിവ രോഗികളെ പ്രവേശിപ്പിക്കുന്നതിനായി ക്രമീകരിച്ചു. കേരളത്തിൽ കോവിഡ് -19 പരിശോധനയ്ക്കായി ആരംഭത്തിലെ ഏക പരിശോധനാ ലാബിൽനിന്നും നിലവിലെ 2667 ലാബുകളിലേയ്ക്കുകൂടി ലാബ് ശൃംഖലയെ ശക്തിപ്പെടുത്തി.

100. കോവിഡ് -19 മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിൽ നമ്മുടെ ആരോഗ്യ വകുപ്പ് വ്യാപക പ്രശംസ നേടിയിട്ടുണ്ട്. നിരന്തരമായ പരിശീലന പരിപാടികളും 'കോവിഡ് ബ്രിഗേഡ്' മുഖേനയുള്ള വോളന്റിയർ നിയമനവും 3.8 ലക്ഷം ശക്തരായ കമ്മ്യൂണിറ്റി വോളന്റിയർ കോറിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തിയും പരിശീലനം സിദ്ധിച്ച മാനവശേഷിയുടെ നിരന്തര സാന്നിദ്ധ്യം ഈ കേന്ദ്രങ്ങളിലേയ്ക്ക് ഉറപ്പുവരുത്തി.

101. എന്റെ സർക്കാർ അതിന്റെ ദൗത്യമായ സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിന് 'കേരള ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന സജീവ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ കോവിഡ് -19 ചികിത്സയ്ക്ക് വരുന്ന രോഗികൾക്കായി വിവിധ ആശുപത്രികളിലുടനീളം ന്യായമായ ചികിത്സാ ചെലവുകൾ കൊണ്ടുവരുന്നതിനായി ഒരു ചികിത്സാ പാക്കേജും കൂടി പ്രഖ്യാപിച്ചിട്ടുണ്ട്.

102. 6592745 ആളുകൾക്ക് ആദ്യ ഡോസ് വാക്സിനും 2019936 ആളുകൾക്ക് വാക്സിന്റെ രണ്ട് ഡോസുകളും നൽകിക്കൊണ്ടും സംസ്ഥാനത്തുടനീളം കോവിഡ്-19 വാക്സിനേഷൻ ഡ്രൈവിന് തുടക്കം കുറിച്ചുകൊണ്ട് കേരളം

അനിതരസാധാരണമാംവിധം പ്രവർത്തിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ വാക്സിനേഷൻ പരിപാടി അതിന്റെ കാര്യക്ഷമതയും വാക്സിന്റെ പാഴാക്കാതിരിക്കലും കാരണം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

103. ആർദ്രം മിഷനുകീഴിൽ എട്ട് മെഡിക്കൽ കോളേജുകളിലും ഒൻപത് ജില്ലാ/ജനറൽ ആശുപത്രികളിലും ഒരു താലൂക്ക് ആശുപത്രിയിലും ഔട്ട് പേഷ്യന്റ് വിഭാഗത്തിന്റെ (ഒ.പി.ഡി.) പരിവർത്തന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

104. സംസ്ഥാന ആരോഗ്യ ഏജൻസി (SHA) നടപ്പിലാക്കിയിട്ടുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) സംസ്ഥാനത്തെ പാവപ്പെട്ടതും ദുർബ്ബലരുമായ 42 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് രണ്ടും മൂന്നുംഘട്ട സംരക്ഷണത്തിനുള്ള ആശുപത്രിവാസത്തിനായി ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ സുരക്ഷാ പരിരക്ഷയും പണരഹിത ചികിത്സയും ലഭ്യമാക്കുന്നു.

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

105. ആധുനിക വൈജ്ഞാനിക സമൂഹമായി കേരളത്തിന്റെ സുസ്ഥിര പരിവർത്തനം ഉറപ്പുവരുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക നിലവാരവും ഭൗതിക അടിസ്ഥാന സൗകര്യങ്ങളും ദേശീയവും അന്തർദ്ദേശീയവുമായ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്.

106. സ്വാശ്രയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഒരു സംസ്ഥാനതല അക്രെഡിറ്റേഷൻ സംവിധാനംവഴി ഉറപ്പു വരുത്തുന്നതാണ്.

107. ഉന്നത വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഹരിക്കുന്നതിനായി സീറ്റുകളുടെ എണ്ണത്തിലും പുതിയ കോഴ്സുകളിലും ഗവേഷണ സൗകര്യങ്ങളിലും വർദ്ധനവ് ഉണ്ടാകുന്നതാണ്. ഈ സംരംഭത്തിന്റെ ഫലമായി 3 മുതൽ 4 ലക്ഷം വരെ അധികം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം തുടരുന്നതിനുള്ള ഒരു അവസരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

108. നമ്മുടെ കോളേജുകൾ/സർവ്വകലാശാലകൾ എന്നിവയിലെ ബിരുദബിരുദാനന്തര വിദ്യാർത്ഥികൾക്കായി വിവിധ മേഖലകളിലെ ലോകോത്തര വിശിഷ്ട പ്രൊഫസർമാർ ഓൺലൈനായി ഒരു പാരസ്പര്യ പ്രഭാഷണ പരമ്പര 'എമിനെന്റ് സ്കോളേഴ്സ് ഓൺലൈൻ പ്രോഗ്രാം' (Eminent Scholars Online Programme) നടപ്പിലാക്കി വരുന്നു.

109. എന്റെ സർക്കാർ 2020-21 കാലയളവിൽ ഡിജിറ്റൽ സർവ്വകലാശാലയും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും ആരംഭിച്ചിട്ടുള്ളതാണ് .

110. സർവ്വകലാശാലാ വകുപ്പുകളും കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതാണ് .

## ആഭ്യന്തര വകുപ്പ്

111. പോലീസിംഗിൽ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിൽ സംസ്ഥാനം എല്ലായ്പ്പോഴും മുൻപന്തിയിലാണ്. നിർമ്മിത ബുദ്ധി പദ്ധതികൾ 2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർഡോമുകൾ ശക്തിപ്പെടുത്തുന്നതാണ്. തിരുവനന്തപുരത്ത് ഒരു ഹൈടെക് സൈബർ സുരക്ഷാകേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

112. വിദേശ ഏജൻസികളുടെ പ്രവർത്തനങ്ങൾ നിഷ്ക്രിയമാക്കുന്നതിനായി ഒരു തീരദേശ പോലീസ് വിഭാഗവും ഒരു കൗണ്ടർ ഇന്റലിജൻസ് സെല്ലും (CIC) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. സൈബർ കുറ്റാന്വേഷണ വിഭാഗവും സാമ്പത്തിക കുറ്റകൃത്യ വിഭാഗവും ആരംഭിക്കുന്നതിനുംകൂടി ഉദ്ദേശിക്കുന്നുണ്ട് .

113. സാങ്കേതികവിദ്യയുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ നൽകുന്നതിന് ഒരു സംരംഭം നടപ്പിലാക്കുന്നതാണ് .

## ഭവനനിർമ്മാണ വകുപ്പ്

114. 20 കോടി രൂപ വകയിരുത്തി 1000 ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്തുകൊണ്ട് 'ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി' ഹൗസിംഗ് ബോർഡ് നടപ്പിലാക്കും.

115. തുടർച്ചയായ വൈദ്യസഹായം ആവശ്യമുള്ള രോഗികൾക്കും മെഡിക്കൽ കോളേജുകളിലെ ചികിത്സയിലുള്ളവർക്കും വാടകയ്ക്ക് താമസ സൗകര്യമൊരുക്കുന്നതിനായി ആശ്വാസ് റെന്റൽ സ്കീം ഏറ്റെടുക്കും.

116. 2021-ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ (KSHB) സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സമൂഹത്തിന്റെ ഭവന സുരക്ഷയ്ക്കായി പൊതുജന പങ്കാളിത്തത്തോടെ 'സൗഹൃദം പാർപ്പിട പദ്ധതി' എന്ന നൂതന സ്വാശ്രയ ഭവന വായ്പാ പദ്ധതി കെ.എസ്.എച്ച്.ബി. ആരംഭിച്ചു.

117. കൊച്ചിയിലെ മറൈൻ ഡ്രൈവിൽ കെ.എസ്.എച്ച്.ബി.-യുടെ ഉടമസ്ഥതയിലുള്ള 17.9 ഏക്കർ ഭൂമിയിൽ പിപിപി (PPP) രീതിയിലൂടെ ഇന്റർനാഷണൽ എക്സിബിഷൻ നഗർ പ്രോജക്ട് നടപ്പിലാക്കുന്നതിനായി കൺസൾട്ടന്റ്/ഡെവലപ്പർ-നെ തെരഞ്ഞെടുക്കുന്നതിനുംകൂടി കെ.എസ്.എച്ച്.ബി. താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

118. താഴ്ന്ന വരുമാനക്കാരായ പ്രവാസി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച പ്രവാസി ഭവനനിർമ്മാണ പദ്ധതി കൂടുതൽ ഫലപ്രദമായി തുടരും.

## വ്യവസായ വകുപ്പ്

119. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വ്യവസായ നിക്ഷേപങ്ങളിൽ ഒരു പ്രകടമായ വളർച്ചയ്ക്ക് കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 48 ശതമാനത്തോട് അടുത്ത എം.എസ്.എം.ഇ. സ്ഥാപനങ്ങൾ (68,419) രൂപീകരിക്കപ്പെട്ടതും ഇതേ കാലയളവിലാണ്. ഏകദേശം 3,00,000 തൊഴിലവസരങ്ങൾ എം.എസ്.എം.ഇ. മേഖലയിൽ സൃഷ്ടിച്ചു. വ്യവസായ മേഖലയിലെ പരിഷ്കരണ പ്രക്രിയ ക്രോഡീകരിച്ച് അവതരിപ്പിക്കപ്പെട്ട ഓൺലൈൻ പ്ലാറ്റ്ഫോമായ കെ-സ്വിഫ്റ്റ് (K-SWIFT) 14 വകുപ്പുകളിലായി വ്യാപിച്ചുകിടക്കുന്ന 79 ഓൺലൈൻ സേവനങ്ങൾ നൽകുന്നു. പുതിയതും പുതുക്കുന്നതുമായ എല്ലാ ലൈസൻസിംഗ് പ്രക്രിയയും ഈ പോർട്ടലിലൂടെ നൽകുന്നതുവഴി സംസ്ഥാനത്തെ വ്യാവസായിക ലൈസൻസിംഗിന്റെ രൂപഘടനയ്ക്ക് മാറ്റമുണ്ടായി.

120. അന്വേഷണം അല്ലെങ്കിൽ പരിശോധനകളിൽനിന്നും സ്വയം പ്രഖ്യാപനങ്ങളിന്മേൽ അംഗീകാരം നൽകുന്നതിലേയ്ക്ക് എന്റെ സർക്കാരിന്റെ സമീപനത്തിനുണ്ടായ മാറ്റമാണ് എം.എസ്.എം.ഇ.-കളുടെ ആട്ടോമാറ്റിക് അംഗീകാരം എടുത്തുകാണിക്കുന്നത്. എം.എസ്.എം.ഇ.-കൾ തുടങ്ങുന്നതിനുള്ള 11878-ഓളം എം.എസ്.എം.ഇ. അംഗീകാര സർട്ടിഫിക്കറ്റുകൾ (തൽക്ഷണ അംഗീകാരങ്ങൾ) സംസ്ഥാനത്ത് നൽകിക്കഴിഞ്ഞു. മറിച്ച്, നീതി ആയോഗ് നടത്തിയ ഇന്നോവേഷൻ ഇൻഡക്സ് റാങ്കിംഗിൽ കേരളത്തിന് 10-ാം സ്ഥാനവും ഇൻവെസ്റ്റ്മെന്റ് പൊട്ടൻഷ്യൽ ഇൻഡക്സിൻ കീഴിൽ നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (NCAER) കേരളത്തിന് 6-ാം സ്ഥാനവും നൽകിയിട്ടുണ്ട്.

121. നിക്ഷേപകരിൽ നിന്നുമുള്ള പരാതികളും ആവലാതികളും പരിഹരിക്കുന്നതിനായി ഒരു സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിന് എന്റെ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി കരട് നിയമനിർമ്മാണം നിർദ്ദേശിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

122. വൻകിട നിക്ഷേപകരെയോ അടിസ്ഥാന നിക്ഷേപകരെയോ ആകർഷിക്കുന്ന ഒരു നയം സ്വീകരിക്കുകവഴി എം.എസ്.എം.ഇ.-യുടെ വ്യാവസായിക മാതൃക അടിസ്ഥാനമാക്കിയുള്ള വ്യാവസായിക വളർച്ച കൂടുതൽ ശക്തിപ്പെടുത്തി. സംസ്ഥാനം, ഭാരത സർക്കാരിന്റെ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിനു (സി.ഡി.പി.) കീഴിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ്.

123. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ടെക്സ്റ്റൈൽസ്, ഖാദി, കരകൗശലം, കൈത്തറി, കയർ, റബ്ബർ എന്നിവപോലുള്ള പരമ്പരാഗത മേഖലകളെ ചേർത്തു നിർത്തുന്നതിനും വികസിപ്പിക്കുന്നതിനും എന്റെ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്.

124. തൊഴിൽ സംരക്ഷിക്കുന്നതിനും വ്യാവസായിക പ്രവർത്തനം ഉത്തേജിപ്പിക്കുന്നതിനുമായി പാലക്കാട്ടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കാസർഗോട്ടെ ബി.എച്ച്.ഇ.എൽ-ഇ.എം.എൽ. (BHEL-EML) എന്നീ നഷ്ടത്തിലോടുന്ന മൂന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ വാഗ്ദാനം നൽകിയിട്ടുണ്ട്.

125. ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തിൽ 1-ൽനിന്ന് 16 ആയി വർദ്ധിച്ചിട്ടുണ്ട്.

126. ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പ് വികസിപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോം, താമസംവിനാ എല്ലാ ബന്ധപ്പെട്ട കക്ഷികളെയും യോജിപ്പിക്കും. ഇത് ഇതിനകം നിലവിലുള്ള ഇ-മാർക്കറ്റ് പ്ലാറ്റ്ഫോമിന് പുറമെയുള്ളതാണ്. ഈ പദ്ധതി എല്ലാ വർഷവും കുറഞ്ഞത് 1,00,000 തൊഴിലുകൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതും അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തിന് 500000 തൊഴിലുകൾ സ്ഥിരാടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കാൻ കഴിയുന്നതുമാണ്.

127. എന്റെ സർക്കാർ സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള ലോജിസ്റ്റിക് ചെലവുകളും തടസ്സങ്ങളും മറികടക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്.

128. അമ്പലമുകളിലെ 481 ഏക്കർ കിൻഫ്ര പെട്രോകെമിക്കൽ പാർക്കിന്റെ അതിവേഗ വികസനം അടിസ്ഥാന നിക്ഷേപകനായ ബി.പി.സി.എൽ.-നും (BPCL) മറ്റ് 13 യൂണിറ്റുകൾക്കും എല്ലാ അടിസ്ഥാനസൗകര്യ സഹായവും നൽകിക്കൊണ്ട് ഉറപ്പാക്കും.

129. പാലക്കാടിനെ ഒരു നോഡായും ജി.ഐ.എഫ്.ടി. (Global Industrial Finance and Trade City)-യെ കൊച്ചിയിലെ ഹബ്ബ് ആയും വികസിപ്പിച്ചുകൊണ്ട് കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ (KBIC) വികസനം അതിവേഗത്തിലാക്കും. ഈ സംരംഭം 20,000 കോടി രൂപയുടെ നിക്ഷേപങ്ങളും 15000 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാനിടയുണ്ട്.

130. തൊടുപുഴയിൽ കിൻഫ്ര ഒരു സ്പൈസസ് പാർക്ക് വികസിപ്പിക്കാനുദ്ദേശിക്കുന്നു.

131. പാലക്കാട് , ആലപ്പുഴ എന്നീ ജില്ലകളിൽ കിൻഫ്ര ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾക്കായി (ഐ.ആർ.റ്റി.പി.) പദ്ധതിയിട്ടിട്ടുണ്ട് .

## കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)

132. കേരള സംസ്ഥാനത്തെ അടിസ്ഥാനസൗകര്യങ്ങളുടെ രൂപഘടനയെ പരിവർത്തനപ്പെടുത്തുന്നതിനുള്ള ഉൽകൃഷ്ടമായ ലക്ഷ്യത്തിന് 2016-ൽ കേരള സർക്കാർ സ്വയംസജ്ജമായി. ഒരു അതുല്യവും നൂതനവുമായ മാതൃകയിലൂടെ ഈ ലക്ഷ്യപ്രാപ്തി നേടുന്നതിനുള്ള ഏജൻസിയായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ (KIIFB) നിയോഗിച്ചു. സംസ്ഥാനത്തെ കിഫ്ബിയുടെ (KIIFB) 4 വർഷത്തെ നിരന്തരമായ സേവനത്തിനുശേഷം ആയതിന്റെ നേട്ടങ്ങൾ വളരെ സ്പഷ്ടമാണ്.

133. 63,224.42 കോടി രൂപ മുടക്കുമുതലുള്ള 903 പദ്ധതികൾക്ക് കിഫ്ബി (KIIFB) ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ആശുപത്രികളും ആരോഗ്യകേന്ദ്രങ്ങളും സ്കൂളുകളും കോളേജുകളും റോഡുകളും പാലങ്ങളും ജലവിതരണവും ശുചീകരണവും വൈദ്യുതിയും ആശയവിനിമയ ശൃംഖലകളും വ്യാവസായിക പാർക്കുകളും സാംസ്കാരിക സമുച്ചയങ്ങളും തുടങ്ങി വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ ഈ പദ്ധതികളിൽ ഉൾപ്പെടുന്നു. ഇവയിൽ 21,309.68 കോടി രൂപയുടെ 488 പദ്ധതികൾക്ക് ടെൻഡർ നൽകുകയും 732 കോടി രൂപയുടെ 27 പദ്ധതികളും 560.29 കോടി രൂപയുടെ 160 പദ്ധതി ഭാഗങ്ങളും കമ്മീഷൻ ചെയ്തിട്ടുമുണ്ട്.

134. കിഫ്ബി (KIIFB) ധനസഹായം നൽകുന്ന ഒരു നിശ്ചിത വലിപ്പത്തിൽ കൂടുതലുള്ള എല്ലാ കെട്ടിടങ്ങളും ഗ്രീൻ ബിൽഡിംഗുകളായി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിബന്ധനയിലൂടെ സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് അജണ്ട അംഗീകരിക്കുന്നതിൽ കിഫ്ബി (KIIFB) ഒരു മാർഗ്ഗദർശിയായും കൂടി മാറിയിട്ടുണ്ട്. ചില കിഫ്ബി (KIIFB) പദ്ധതികളെ PPP പദ്ധതികളായി രൂപപ്പെടുത്തുവാൻ സഹായിക്കുന്നതിനായി ഈ അടുത്തകാലത്ത് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനുമായി (IFC) കിഫ്ബി (KIIFB) ഒരു MoU-വിൽ ഏർപ്പെട്ടിട്ടുമുണ്ട്.

## വിവരവും പൊതുജന സമ്പർക്കവും വകുപ്പ്

135. കോവിഡ് 19-ന്റെ ആപൽഘട്ടത്തിൽ പൊതുജനങ്ങളുമായുള്ള ക്രിയാത്മകമായ വിവരകൈമാറ്റം ഉറപ്പുവരുത്തുന്നതിൽ വകുപ്പ് ഒരു പ്രേരകശക്തിയായിരുന്നു. കൂടാതെ കോവിഡ് 19-നെ പിടിച്ചുകെട്ടാനുള്ള എന്റെ സർക്കാരിന്റെ 'ബ്രേക്ക്-ദി-ചെയിൻ' പ്രചാരണത്തെ സമൂഹത്തിൽ എല്ലാ വിഭാഗങ്ങളിലും വകുപ്പുമുഖേന വിജയകരമായി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

136. വകുപ്പ് നേതൃത്വം നൽകുന്ന സർക്കാരിന്റെ മുൻനിര പ്രചരണം, 'ഇനിയും മുന്നോട്ട്', വഴി എന്റെ സർക്കാരിന്റെ നയങ്ങൾ ഫലപ്രദമായി ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുള്ളതും അത് സർക്കാരിന്റെ പദ്ധതികളെയും പരിപാടികളെയുംകുറിച്ച് അവബോധം സൃഷ്ടിക്കുവാൻ സഹായിക്കുകയും അതുവഴി അർഹതയ്ക്കനുസരിച്ച് സമീപിക്കുവാനോ അപേക്ഷിക്കുവാനോ സാധിക്കുന്നു. കേരളത്തിന്റെ ദൃശ്യചരിത്രം പൂർത്തിയാക്കിയത്, വ്യാജ വാർത്തകൾക്കെതിരെ യുദ്ധം ചെയ്യുന്നതിനായി വകുപ്പിൽ ഫാക്ട് ചെക്ക് ഡിവിഷൻ തുടങ്ങിയത്, പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവ്വീസ് മാനേജ്മെന്റ് (PRISM) പദ്ധതിയിലൂടെ പൊതുജനങ്ങളുമായുള്ള ആശയവിനിമയം ശക്തിപ്പെടുത്തലും സമൂഹമാധ്യമങ്ങളിൽക്കൂടി ഫലപ്രദമായ വിനിമയത്തിനുള്ള പുതിയ തന്ത്രവും പ്രചരണവും വികസിപ്പിച്ചതും തുടങ്ങി ഒട്ടേറെ മഹത്തായ സംരംഭങ്ങൾ കഴിഞ്ഞ വർഷം വകുപ്പ് ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

137. ദൃശ്യ ചരിത്ര പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തെ തുടർന്ന് വിവിധ വിഭാഗത്തിലുള്ള ഉപഭോക്താക്കളുമായി ഉള്ളടക്കം കൂടുതൽ പങ്കിടുന്നതിനായി ഡിജിറ്റൽ മ്യൂസിയവും ഓൺലൈൻ ലൈബ്രറിയും ഉള്ളടക്കത്തിന്റെ ഡിജിറ്റൽ റിപ്ലിക്കേഷനും സ്ഥാപിക്കുവാൻ വിവര പൊതുജന സമ്പർക്ക വകുപ്പ് (I&PRD) പദ്ധതിയിടുന്നുണ്ട്. 2021-22-ൽ ഇന്റഗ്രേറ്റഡ് ന്യൂസ് ഗ്രിഡ് (PRISM) പദ്ധതിയുടെ ഭാഗമായി, തദ്ദേശഭരണ സ്ഥാപനങ്ങളുമായി അടുത്ത് പ്രവർത്തിക്കുവാൻ കഴിയുന്നവരും പരിശീലനം സിദ്ധിച്ചവരുമായ അധിക ജീവനക്കാരെ ഉപയോഗിച്ചുകൊണ്ട് വിവരശേഖരണത്തിലും പ്രചരണത്തിലും കൂടുതലായി ഇറങ്ങിച്ചെല്ലാൻ

വിവര പൊതുജന സമ്പർക്ക വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ കല, സാംസ്കാരം, അരങ്ങ് എന്നിവയുടെ വിവിധ ഭാവങ്ങൾ പ്രദർശിപ്പിക്കുന്നതിനും പഠിക്കുന്നതിനും പങ്കിടുന്നതിനും അനുഭവിക്കുന്നതിനും ആസ്വദിക്കുന്നതിനുമായി മൾട്ടി മീഡിയ സാങ്കേതികവിദ്യയുടെ ഏറ്റവും നല്ലവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇൻഫോ കൾച്ചറൽ ഹബ്ബും വിവിധ സർക്കാർ വകുപ്പുകളെ പ്രതിനിധീകരിച്ച് ഐ.ഇ.സി. ഇടപെടലുകൾ ഏറ്റെടുത്ത് നടത്തുന്നതിനുമായി ഒരു സർവ്വസജ്ജമായ ഐ.ഇ.സി. വിഭാഗംകൂടി വകുപ്പ് സ്ഥാപിക്കുന്നതാണ്.

## തൊഴിലും നൈപുണ്യവും വകുപ്പ്

138. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം ഉയർത്തുന്നതിനുമായി 15 തൊഴിൽ മേഖലകളിൽ 'തൊഴിലാളിശ്രേഷ്ഠ' അവാർഡ് നൽകുന്നതിനായി എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

139. കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ ബംഗാൾ കോളനി, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ മൂന്ന് പ്രദേശങ്ങളിൽ ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള പ്രോജക്റ്റ് (Guest Workers Friendly Residence in Kerala Project), AALAY എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിക്കുന്നതാണ്.

140. കേരളത്തിലെ അതിഥി തൊഴിലാളികൾക്കായി ഇൻഷ്വർ ചെയ്യപ്പെടുന്ന ഓരോ വ്യക്തിക്കും രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് ക്ലെയിമോടെ ആവാസ് (AAWAZ) എന്ന പേരിൽ ഒരു സവിശേഷമായ ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 509451 അതിഥി തൊഴിലാളികൾ ഈ സ്കീം പ്രകാരം ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

141. പട്ടികയിൽ ഉൾപ്പെട്ട 9 തൊഴിൽ മേഖലകളിലെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

142. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ തൊഴിൽദായക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. ഡിജിറ്റൽ ഡാറ്റാ അടിസ്ഥാനത്തിൽ 37.9 ലക്ഷം തൊഴിലന്വേഷകരുടെ ഒരു ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്കായി

പരിശീലനവും സ്വയം തൊഴിൽ പരിപാടികളും കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷനായി ഒരു മൊബൈൽ ആപ്പ്, അഗ്രഗേറ്റർ മാതൃകയിൽ (aggregator model) ഒരു ഓൺലൈൻ ടാക്സി സേവനം എന്നിവയാണ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന സംരംഭങ്ങളിൽ ചിലത്.

## ലാന്റ് റവന്യൂ വകുപ്പ്

143. "ഭൂരഹിതരായവർ ഇല്ലാത്ത കേരളം" എന്നത് ഉറപ്പാക്കുകയാണ് എന്റെ സർക്കാരിന്റെ ലക്ഷ്യം. അർഹരായ എല്ലാ ഭൂരഹിതർക്കും എന്റെ സർക്കാരിന്റെ കാലത്ത് പട്ടയം നൽകുന്നതാണ്. കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും തിരിച്ചെടുക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

144. പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനുള്ള അടിസ്ഥാന ഘടകങ്ങളാണ് വില്ലേജ് ഓഫീസുകൾ. ആയതിനാൽ വില്ലേജ് ഓഫീസുകളെ ശക്തിപ്പെടുത്തുക എന്നത് എന്റെ സർക്കാരിന്റെ മറ്റൊരു ലക്ഷ്യമാണ്. സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 126 വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റിയിട്ടുള്ളതും മറ്റുള്ള വില്ലേജുകളുംകൂടി സ്മാർട്ടാക്കുന്നതുമാണ്. സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും എന്റെ സർക്കാരിന്റെ കാലത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതാണ്. 155 ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം റവന്യൂ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്. വില്ലേജ് ഓഫീസുകൾക്കുവേണ്ടിയുള്ള വെബ്സൈറ്റുകളും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ഭൂനികുതി അടയ്ക്കുന്നതിനുമുള്ള മൊബൈൽ ആപ്ലിക്കേഷനുകളും ഈ വർഷം നടപ്പിലാക്കുന്നതാണ്.

145. റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ എന്റെ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തുക്കളുടെ വിവരങ്ങൾ എളുപ്പത്തിൽ കണക്കാക്കാൻ കഴിയുന്നതിനുവേണ്ടി 'യൂണിക്ക് തണ്ടപ്പേർ സംവിധാനം' എന്ന ഒരു സംവിധാനം നടപ്പിലാക്കുന്നതാണ്. ഈ സംവിധാനം ബിനാമി ഇടപാടുകൾ നിയന്ത്രിക്കാൻ സഹായകരമാകുന്നതും കൂടാതെ

ഭൂപരിഷ്കരണ നിയമത്തിൻകീഴിലുള്ള അധിക ഭൂമി കണ്ടെത്താൻ കഴിയുന്നതുമാണ്. അതുവഴി അധിക ഭൂമി ഫലപ്രദമായി തിരിച്ചെടുക്കുവാനും അർഹതപ്പെട്ട ഭൂരഹിതർക്ക് വിതരണം നടത്താൻ കഴിയുന്നതുമാണ്.

146. പൗരന്മാർക്ക് സത്വരവും ഫലപ്രദവുമായ സേവനം പ്രദാനം ചെയ്യുന്നതിനായി കോട്ടയം ജില്ലയിലെ കടുത്തുരുത്തി വില്ലേജിലും തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂരിലും നടപ്പിലാക്കിയ ഇന്റഗ്രേറ്റഡ് ലാന്റ് റിക്കോർഡ് ഇൻഫർമേഷൻ സിസ്റ്റം എല്ലാ വില്ലേജുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളിലെ സേവനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പൊതുവേദി വികസിപ്പിക്കുന്നതാണ്. സമഗ്രമായ ഒരു റവന്യൂ പോർട്ടൽകൂടി നടപ്പിലാക്കുന്നതാണ്. പേമെന്റ് സിസ്റ്റവും സർട്ടിഫിക്കറ്റ് സർവ്വീസുകളും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് പൗരസൗഹാർദ്ദപരമാക്കൽ, സത്വരവും ഫലപ്രദവുമായ രീതിയിൽ പൗരന്മാർക്ക് സേവനം പ്രദാനം ചെയ്യുന്ന ആദ്യാവസാനമുള്ള കമ്പ്യൂട്ടർവൽക്കരണം എന്നിവ വിഭാവന ചെയ്യുന്നു.

## തദ്ദേശസ്വയംഭരണം വകുപ്പ്

147. മെച്ചപ്പെട്ട ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റത്തിന്റെയും (GIS) മറ്റ് സാങ്കേതികവിദ്യയുടെയും സഹായത്തോടെ ഫലപ്രാപ്തിയിലൂന്നിയ വികസനത്തിന്റെയും ദുരന്ത പ്രതിരോധത്തിലൂന്നിയ (disaster resilient), നഗരാസൂത്രണത്തിന്റെയും വിഭവസമാഹരണത്തിന്റെയും പുതിയ ചക്രവാളങ്ങളിലേയ്ക്ക് എന്റെ സർക്കാർ നീങ്ങുകയാണ്.

148. അനുവർത്തനത്തിന്റെ ഭാരം ലഘൂകരിച്ചുകൊണ്ടും ലളിതവൽക്കരിച്ച് കൊണ്ടും പൗരൻമാരുമായുള്ള പരസ്പരബന്ധം മെച്ചപ്പെടുത്തുക എന്നത് ഇടപെടൽ അർഹിക്കുന്ന ഒരു പ്രധാന മേഖലയാണ്. നഗര-ഗ്രാമ പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണ പെർമിറ്റുകൾ ഓൺലൈനായി നൽകുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുന്നതാണ്.

149. പ്രാദേശിക ജൈവ വൈവിദ്ധ്യ രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്യുക എന്നതാണ് മുന്നോട്ടുള്ള പ്രയാണത്തിലെ ഒരു പ്രധാന ഡിജിറ്റൽ (digital) ഇടപെടൽ. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

150. കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്തനവും ജനകീയ ഹോട്ടലുകളുടെ നടത്തിപ്പുംവഴി കോവിഡ് മഹാമാരിക്കെതിരെയുള്ള ജനങ്ങളുടെ പോരാട്ടത്തിൽ അവർക്ക് ക്ഷേമപ്രവർത്തനങ്ങൾ നൽകുന്നതിൽ കേരളത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയായ കുടുംബശ്രീ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ 1017 ജനകീയ ഹോട്ടലുകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയും അവ 20 രൂപയ്ക്ക് ജനങ്ങൾക്ക് ഊണ് നൽകുകയും ചെയ്യുന്നു.

151. കുടുംബശ്രീവഴി നടപ്പിലാക്കിയ 'മുഖ്യമന്ത്രിയുടെ സഹായഹസ്തം' വായ്പാ പദ്ധതിയിലൂടെ 25.17 ലക്ഷം കുടുംബങ്ങൾക്ക് 1917.55 കോടി രൂപയുടെ പലിശരഹിത വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പുവർഷവും തുടരുന്നതാണ്.

152. കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സുഗമമായി നടത്തി. പുതുതായി തെരഞ്ഞെടുത്ത എല്ലാ പ്രതിനിധികൾക്കും എന്റെ സർക്കാർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) വഴി പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു.

153. പരമ്പരാഗതമായ എല്ലാ തെരുവുവിളക്കുകളെയും കൂടുതൽ ഊർജ്ജ സംരക്ഷണവും ആയുർ ദൈർഘ്യവുമുള്ള LED വിളക്കുകളായി മാറ്റി സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള 'നിലാവ്' (NILAVU) പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

154. നഗരങ്ങളെ ദുരന്തപ്രതിരോധവും സുരക്ഷിതവുമാക്കുന്നതിനുള്ള 'റിസ്ക് ഇൻഫോംഡ് മാസ്റ്റർപ്ലാനുകൾ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ നഗരാസൂത്രണ (Town and Country Planning) വകുപ്പ് സംസ്ഥാനത്തെ രണ്ട് പട്ടണങ്ങൾക്കുവേണ്ടി (മാനന്തവാടിയും ചെങ്ങന്നൂരും) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള 93 നഗരങ്ങളിൽ 86 എണ്ണത്തിന്റെയും മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കൽ പുരോഗമന ഘട്ടത്തിലാണ്.

155. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെയും കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിന്റെയും സാഹചര്യത്തിൽ ബിൽഡിംഗ് ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും 2019-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസും 2019-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസും പുറപ്പെടുവിച്ചിട്ടുണ്ട്.

156. ടോട്ടൽ ഹൗസിംഗ് പ്രോഗ്രാം LIFE (The Livelihood inclusion and Financial Empowerment) മിഷൻ 2,62,402 വീടുകൾ സംസ്ഥാനത്ത് പൂർത്തിയാക്കി. അതിൽ 2,50,547 വീടുകൾക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും വീടില്ലാത്ത യോഗ്യരായ കുടുംബങ്ങൾക്ക് വീടുകൾ നൽകുന്നതിനായി 8,823.20 കോടി രൂപ എന്റെ സർക്കാർ ചെലവഴിക്കുകയും ചെയ്തു.

157. സംസ്ഥാനത്തെ 1,034 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 711 എണ്ണം "ശുചിത്വ പദവി' നേടിയിട്ടുണ്ട്. മാലിന്യ നീക്കത്തിനും പുനരുപയോഗത്തിനുമായി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (Clean Kerala Company Limited) 424 തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഹരിത കർമ്മ സേനകളുടെ സഹായത്തോടെ വീടുവീടാന്തരമുള്ള മാലിന്യ ശേഖരണം നടത്തുന്നതിനായി 968 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റീസും 175 റിസോഴ്സ് റിക്കവറി ഫെസിലിറ്റീസും സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

158. 2018-ലെയും 2019-ലെയും പ്രളയകാലത്ത് കേടുവന്നുപോയ 5,296 ഗ്രാമീണ റോഡുകൾ (ഏകദേശം 12,000 കി.മീ. നീളം) 1,000 കോടി രൂപ മുടക്കി നന്നാക്കുന്നതിനായി ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീബിൽഡ് പദ്ധതിയിൻ (CMLRRP) കീഴിൽ ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് (Rebuild Kerala Initiative)-ന്റെ കീഴിൽ 469 കോടി രൂപയുള്ള 408 റോഡുകളുടെ വികസനവും ഏറ്റെടുത്തിട്ടുണ്ട്.

159. ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആന്റ് കമ്മ്യൂണിക്കേഷൻ സെന്റർ (Integrated Command Control and Communication Centre), ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം (Integrated traffic management system) കൊച്ചി കോർപ്പറേഷൻ പ്രദേശത്തെ പൊതു കെട്ടിടങ്ങൾക്കായുള്ള 1000 KV റൂഫ് ടോപ്പ് സോളാർ പ്രോജക്ട് (Roof Top Solar Project) എറണാകുളം ജനറൽ ആശുപത്രിയിലെ ഇ-ഹെൽത്ത് സൊല്യൂഷൻസ് എന്നീ പദ്ധതികൾ കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് (CSML) പൂർത്തിയാക്കി. "ഓൺലൈൻ ഇ-ഹെൽത്ത് സൊല്യൂഷൻസ്" പദ്ധതി, "ബസ്റ്റ് സ്മാർട്ട് ഹെൽത്ത് പ്രോജക്ട്" അവാർഡ് ഭാരത സർക്കാരിന്റെ ഹൗസിംഗ് ആന്റ് അർബൻ അഫയേഴ്സ് മന്ത്രാലയത്തിൽ നിന്നും സ്വീകരിക്കുകയുണ്ടായി.

160. 2021-22 കാലത്ത് ഇനി പറയുന്ന സംരംഭങ്ങൾ തദ്ദേശ ഭരണ വകുപ്പ് ഏറ്റെടുക്കുന്നതാണ്.

160. 1. എല്ലാ കൃഷി വികസന പ്രവർത്തനങ്ങളും തണ്ണീർത്തടം അടിസ്ഥാനമാക്കി ആയിരിക്കും.

160. 2. മാലിന്യ സംസ്കരണത്തിനായി പ്രത്യേകിച്ചും മലിനജലവും കക്കൂസ് മാലിന്യവും ഉൾപ്പെടെയുള്ള ദ്രവ മാലിന്യസംസ്കരണത്തിന്റെ ദീർഘകാല സ്ഥാപനശേഷി വികസിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ (ULBs) മാലിന്യ സംസ്കരണത്തിനായി ലോക ബാങ്ക് സഹായമുള്ളതും പുതുതായി അംഗീകാരം ലഭിച്ചതുമായ കേരള Solid Waste Management Project-ന് മുൻഗണന നൽകി ഏറ്റെടുക്കുന്നതാണ്.

160. 3. പഴയ മാലിന്യക്കൂനകൾ മൂടുകയോ ബയോറെമഡിയേഷൻ ചെയ്തോ അവസാനിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കുറഞ്ഞത് ഒരു പ്രാദേശിക ലാന്റ് ഫിൽ എങ്കിലും വികസിപ്പിക്കുന്നതാണ്.

160. 4. 2018-ലെ പ്രളയത്തിനുശേഷം കേട്ടുവന്ന കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്ററി തകരാറുകൾ പരിഹരിക്കുന്നതിനായാണ് ഈ വകുപ്പ് നൈപുണ്യ കർമ്മസേന രൂപീകരിച്ചത്. പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്ന നിലവിലെ സാഹചര്യത്തിൽ, നൈപുണ്യ കർമ്മസേനയെ ഒരു സ്ഥിരം സംവിധാനമായി ഉയർത്താൻ 2021-22 സാമ്പത്തിക വർഷത്തിൽ എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

160. 5. പരിസ്ഥിതിസൗഹൃദ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രകൃതിയോടിണങ്ങി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശ സർക്കാരുകൾ ചുമത്തുന്ന കെട്ടിട നികുതിയിൽ ഒരു 'Green rebate'-നുള്ള ഇടം എന്റെ സർക്കാർ നൽകിയിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതി

161. മഹാത്മാഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതി നടപ്പിലാക്കിയതിന്റെ ചരിത്രത്തിലാദ്യമായി ഈ പദ്ധതി 10 കോടിയിൽ കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. തൊഴിൽ ബഡ്ജറ്റിന്റെ 102.3 ശതമാനം സംസ്ഥാനം നേടിയെടുക്കുകയും തൊഴിൽ ബഡ്ജറ്റിൽ അംഗീകരിച്ച 1000 ലക്ഷം തൊഴിൽ ദിനങ്ങൾക്കുപരിയായി 1023 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

162. ഈ പദ്ധതിയിൻകീഴിലെ കുടുംബങ്ങൾക്കുള്ള തൊഴിൽ ദിനങ്ങൾ വർഷത്തിൽ ശരാശരി 63.25 ആയിരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 4,70,412 കുടുംബങ്ങൾ ഈ പദ്ധതിയിൻകീഴിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കുകയും അതിൽ 33,951 എണ്ണം ഗോത്ര കുടുംബങ്ങൾ ആയിരുന്നതുമാണ്. ആകെ തൊഴിൽ ദിനങ്ങളിൽ 90.49 ശതമാനവും സ്ത്രീ തൊഴിൽ ദിനങ്ങളാണ്.

## ന്യൂനപക്ഷക്ഷേമ വകുപ്പ്

163. ന്യൂനപക്ഷ വിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ പരിഹരിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്രിസ്ത്യൻ ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി കേരള ഹൈക്കോടതിയിലെ ഒരു വിരമിച്ച ജഡ്ജി അദ്ധ്യക്ഷനായ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു.

164. ന്യൂനപക്ഷ വിഭാഗത്തിലെ യുവജനങ്ങൾക്കായി എന്റെ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം തലശ്ശേരിയിൽ ഒരു കോച്ചിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലും തലങ്ങളിലും ഉള്ള കോഴ്സുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കായി 15.81 കോടി രൂപയുടെ സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി ജൻ വികാസ് കാരിക്രം (PMJVK)-ൻ കീഴിൽ ബഡ്സ് സ്കൂളുകൾ, ഡയാലിസിസ് സെന്ററുകൾ, കോമൺ സർവ്വീസ് സെന്ററുകൾ, വിമൻ ഫെസിലിറ്റേഷൻ ആന്റ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ നിർമ്മിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 12500 മദ്രസാ അദ്ധ്യാപകർക്ക് 2,000 രൂപ വീതം കോവിഡ് ആശ്വാസമായി നൽകിയിട്ടുണ്ട്.

## നോർക്ക വകുപ്പ്

165. കോവിഡ്-19 മഹാമാരി പ്രവാസികളെ (Non-Resident Keralites) നാനാവിധത്തിൽ ബാധിച്ചിട്ടുണ്ട്. 2020 മാർച്ച് മുതൽ 2021 മെയ് വരെ ഏകദേശം 14.01 ലക്ഷം പ്രവാസികൾ (NRK) കേരളത്തിൽ മടങ്ങിയെത്തിയതായി കണക്കാക്കിയിട്ടുണ്ട്. കോവിഡ്-19 മഹാമാരി മടങ്ങിവരവിന്റെ ആക്കം കൂട്ടുകയും അവരിൽ 60 ശതമാനത്തിലധികം പേർക്കും വിദേശ തൊഴിൽ നഷ്ടപ്പെടുകയും ചെയ്തു.

166. അതിന്റെ പരിണിതഫലമായി മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ ജീവിതത്തിൽ മഹാമാരിയുടെ ആഘാതം കുറയ്ക്കുന്നതിന് എന്റെ സർക്കാർ രക്ഷാ, ആശ്വാസ പുനരധിവാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭാരത സർക്കാരും കേരള സർക്കാരും ഏർപ്പെടുത്തിയിട്ടുള്ള ഒഴിപ്പിക്കൽ നടപടികളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും സഹായിക്കുന്നതിനുമായി എന്റെ സർക്കാർ 16 രാജ്യങ്ങളിൽ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

167. നിലവിലുള്ള പദ്ധതികളായ സാന്ത്വനയും NDPREM (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോഗ്രാം ഫോർ റിട്ടേണി മൈഗ്രന്റ്)-ഉം പ്രവാസി സമൂഹത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി ശക്തിപ്പെടുത്തിയിട്ടുണ്ട്.

168. നോർക്ക വകുപ്പ് 24 പദ്ധതി പ്രവർത്തനങ്ങൾ അതിന്റെ 4 സംഘടനകൾ വഴി നടത്തിവരുന്നു. പ്രവാസി വെൽഫെയർ ബോർഡ്, പെൻഷൻ പദ്ധതിയും പ്രവാസി ഡിവിഡന്റ് പദ്ധതിയുംപോലുള്ള ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നു. പ്രവാസി ഡിവിഡന്റ് പദ്ധതി ഇതിനകം 181.1 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചിട്ടുണ്ട്.

169. എന്റെ സർക്കാർ സുരക്ഷിതവും ധാർമ്മികവും സാമ്പത്തിക മേന്മയുള്ളതുമായ പുതിയ വിപണിയിലേയ്ക്കുള്ള കുടിയേറ്റത്തിന് ഭാഷയിലും മറ്റുമുള്ള കഴിവുകളും പോഷിപ്പിക്കുന്നതിനുള്ള അധിക നൈപുണ്യ പരിശീലനം നടത്തുന്നതിന് സൗകര്യമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്

170. നിലവിലുള്ള സർക്കാരിന്റെ നയങ്ങളോടും പദ്ധതികളോടും കൂട്ടുചേർന്ന് നിൽക്കുന്നതും ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളോട് (SDG) ചേർന്നുപോകുന്നതുമായ "വിഷൻ ഡോക്യുമെന്റ് 2030", 2021-22 വർഷത്തിൽ എന്റെ സർക്കാർ തയ്യാറാക്കുന്നതാണ്.

## തുറമുഖ വകുപ്പ്

171. വാണിജ്യകപ്പൽ ഗതാഗത പ്രവർത്തനങ്ങൾക്ക് കൊല്ലം തുറമുഖത്തെ പ്രാപ്തമാക്കുന്നതിന്റെ ഭാഗമായി തുറമുഖത്തിന്റെ 101 മീറ്റർ നീളമുള്ള (ഒന്നാം ഘട്ടം) പാസഞ്ചർ-കം-മൾട്ടി പർപ്പസ് ബർത്തിന്റെ നിർമ്മാണം എന്റെ സർക്കാർ പൂർത്തീകരിച്ചു.

172. വിഴിഞ്ഞത്ത് അന്താരാഷ്ട്ര കപ്പലുകൾക്ക് ക്രൂ ചേയ്ഞ്ച് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും എന്റെ സർക്കാർ മാരിടൈം ബോർഡുമുഖേന ലഭ്യമാക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ 67 അന്താരാഷ്ട്ര കപ്പലുകൾ വിഴിഞ്ഞം തുറമുഖത്തിലെ ക്രൂ ചേയ്ഞ്ചിനുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും ഈ പ്രവർത്തനങ്ങളിൽനിന്നും വകുപ്പിന് 50 ലക്ഷത്തിലേറെ രൂപ നേടുവാനും കഴിഞ്ഞിട്ടുണ്ട്.

173. ബേപ്പൂർ തുറമുഖം സംസ്ഥാനത്തെ ഏറ്റവും തിരക്കേറിയ ചെറുകിട തുറമുഖവും ലക്ഷദ്വീപ് സമൂഹത്തിന്റെ ആവശ്യങ്ങൾകൂടി നിറവേറ്റുന്നതുമാണ്. ഒന്നാം ഘട്ടത്തിൽ, തുറമുഖത്തിന്റെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിന് 60 കോടി രൂപ ചെലവ് വരുന്ന ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നു.

174. അഴീക്കലിൽ ഗ്രീൻ ഫീൽഡ് തുറമുഖത്തിന്റെ ശിലാസ്ഥാപനം 2021 വർഷത്തിന്റെ രണ്ടാം പകുതിയിൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഊർജ്ജ വകുപ്പ്

175. കഴിഞ്ഞ 5 വർഷത്തിനിടയിൽ ഒരു ലോഡ് ഷെഡ്ഡിംഗോ, പവർകട്ടോ ഏർപ്പെടുത്താതെ എന്റെ സർക്കാർ 24x7 വൈദ്യുതി വിതരണം ഉപഭോക്താക്കൾക്ക് ഉറപ്പാക്കി.

176. പവർ ട്രാൻസ്മിഷനിലെ സാങ്കേതിക നഷ്ടം, 2015-16-ലെ 14.37 ശതമാനത്തിൽനിന്ന് എക്കാലത്തെയും താഴ്ന്ന 9.86 ശതമാനമായി കുറച്ചു.

177. 10,000 കോടി രൂപയുടെ പദ്ധതി വിഹിതമുള്ള 'ദി ട്രാൻസ്ഗ്രിഡ് 2.0' പ്രോജക്ട് പവർ ട്രാൻസ്മിഷൻ അടിസ്ഥാന സൗകര്യങ്ങളെ അടുത്ത രണ്ട് ദശക കാലത്തേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിവർത്തനം ചെയ്യുന്നതാണ്.

178. വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലെ 400 കെ.വി സബ്സ്റ്റേഷനുകളുടെ നിർമ്മാണവും അടുത്ത ഘട്ടത്തിൽ കോഴിക്കോട് മുതൽ ഉടുപ്പി വരെയുള്ള പരസ്പരം ബന്ധിപ്പിക്കുന്ന ലൈനും സംസ്ഥാനത്തിന്റെ 400 കെ.വി. ട്രാൻസ്മിഷൻ ഇടനാഴി പൂർത്തീകരിക്കും, ഇത് ഭാവിയിൽ പവർകട്ട് ഇല്ലാതാക്കും.

179. പുനരുപയോഗ ഊർജ്ജം ടാപ്പ് ചെയ്യുന്നതിൽ എന്റെ സർക്കാർ ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. ഇതുവരെ 290 മെഗാവാട്ട് സൗരോർജ്ജം അധികമായി ചേർത്തു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 900 മെഗാവാട്ട് സൗരോർജ്ജ ശേഷി ചേർക്കുന്നതിന് ആസൂത്രണം ചെയ്തിട്ടുണ്ട്.

180. ഉചിതമായ സാങ്കേതികവിദ്യ സ്വീകരിച്ച് ഒരു നിശ്ചിത പരിധിക്കുള്ളിൽ വിതരണ ശൃംഖലയുടെ പരിധിയിൽ വരാത്ത വിദൂര പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള തീവ്രമായ ശ്രമങ്ങൾ എന്റെ സർക്കാർ ഏറ്റെടുക്കും.

181. സെക്ടർ നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് വിധേയമായി സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള വൈദ്യുത കണക്ഷൻ പ്രാബല്യത്തിൽ വരുത്തുന്നതിന് MSME മേഖലയ്ക്ക് കീഴിലുള്ള കാർഷിക പ്രോസസ്സിംഗ് യൂണിറ്റുകൾ നേരിടുന്ന തടസ്സങ്ങൾ ലഘൂകരിക്കുന്നതിന് കേന്ദ്രീകൃത പ്രോഗ്രാമുകൾ രൂപകല്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യും.

182. വിദ്യുച്ഛക്തി ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കർഷകർക്ക് സുസ്ഥിരമായ പിന്തുണ നൽകാൻ "PM-KUSUM" പദ്ധതിയുടെ കീഴിൽ കമ്മീഷൻ ചെയ്യുന്നതിനായി പദ്ധതികൾ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യും.

183. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തും, അങ്ങനെ വൈദ്യുതി വാങ്ങൽ കരാറുകളിലൂടെ വൈദ്യുതി ഇറക്കുമതി ചെയ്യുന്നത് ദീർഘകാല വീക്ഷണകോണിലൂടെ നിയന്ത്രിക്കപ്പെടുന്നു. ഇത് സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നു. 780 മെഗാവാട്ട് ഉത്പാദനശേഷിയുള്ള ഇടുക്കി പവർ പ്രോജക്ടിന്റെ രണ്ടാം ഘട്ടം 7000 കോടി രൂപ മുതൽമുടക്കിൽ ആരംഭിക്കും. 170 മെഗാവാട്ട് ഉത്പാദന ശേഷിയുള്ള നിർമ്മാണത്തിലിരിക്കുന്ന വിവിധ ജലവൈദ്യുത പദ്ധതികളുടെ പുരോഗതി സൂക്ഷ്മമായി നിരീക്ഷിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്യും. ദേശീയതലത്തിൽ ഇപ്പോഴത്തെ ഊർജ്ജവിതരണ/ആവശ്യകത സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ നിലവിലെ വൈദ്യുതി വാങ്ങൽ കരാറുകൾ പുനഃപരിശോധിക്കും.

184. ഊർജ്ജ മേഖലയ്ക്ക് ബാധകമായ മാനദണ്ഡങ്ങൾക്ക് വിധേയമായി ദരിദ്രരിൽ ദരിദ്രരായവർക്ക് മിതമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും കണ്ടെത്തും.

## പൊതുമരാമത്ത് വകുപ്പ്

185. കിഫ്ബി (KIIFB) ഫണ്ടിംഗിന്റെ കീഴിൽ 20,000 കോടി രൂപയുടെ മൂല്യമുള്ള പണികൾ വകുപ്പ് നടപ്പാക്കുന്നു. ഇതിൽ 320 പ്രോജക്ടുകൾ അംഗീകരിച്ചു, 184 പ്രോജക്ടുകൾ പുരോഗമിക്കുന്നു, 115 എണ്ണം വിലയിരുത്തലിലാണ്.

186. 671.66 കോടി രൂപയുടെ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 29 RKI പദ്ധതികളിൽ, 3712 കോടി രൂപയുടെ 24 പണികളുടെ കരാർ നടപ്പിലാക്കി. ഇവ ദീർഘകാല പരിപാലന കരാറുകളും 15 വർഷത്തെ രൂപകല്പനാ കാലയളവും ദുരന്ത പ്രതിരോധശേഷിയുമുള്ള റോഡുകളാണ്.

187. ദേശീയപാത 66-ന്റെ 644 കിലോമീറ്റർ വീതി കൂട്ടൽ കഴിഞ്ഞ വർഷം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. കിഫ്ബി (KIIFB) വഴി സംസ്ഥാനം നൽകിയ 25 ശതമാനം ധനസഹായം ഉൾപ്പെടെ 16,388 കോടി രൂപ അംഗീകാരമുള്ള 1208 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡുകൾ കഴിഞ്ഞ വർഷം പാസ്സാക്കിയിരുന്നു, ഇത് NH വികസനത്തിന് ഏതൊരു സംസ്ഥാനത്തെയും ഏറ്റവും ഉയർന്നതാണ്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള അവാർഡ് ഈ വർഷം ആദ്യപകുതിക്കുള്ളിൽ പൂർത്തിയാകും. കേരളത്തിലെ NH-66, മൊത്തം 24 പ്രോജക്ടുകൾ ഉൾപ്പെടുന്നതാണ്. അതിൽ രണ്ട് പ്രോജക്ടുകൾ ഇതിനകം പൂർത്തിയാക്കുകയും മറ്റുള്ളവ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്.

188. റോഡ് പരിപാലന വിഭാഗത്തിലെ ഫീൽഡ് എഞ്ചിനീയർമാരുടെ ഉപയോഗത്തിനായി പരാതികളും ഫീൽഡ് ഡാറ്റാ ശേഖരണ ആപ്ലിക്കേഷനുകളും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനുമായി 7000 കിലോമീറ്റർ കോർ റോഡ് നെറ്റ്‌വർക്ക് ഉൾക്കൊള്ളുന്ന മെച്ചപ്പെട്ടതും ഉപഭോക്തൃ സൗഹൃദവുമായ വെബ് മെയ്ന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) സ്ഥാപിച്ചുവരുന്നു. 2021 ജൂൺ അവസാനത്തോടെ പുതിയ RMMS സിസ്റ്റം പ്രവർത്തന ക്ഷമമാകുകയും കോർ റോഡ് നെറ്റ്‌വർക്കിന്റെ പരിപാലനത്തിനുള്ള പദ്ധതികൾ ഉണ്ടാക്കുവാനും കഴിയും.

189. ഔട്ട്പുട്ട് ആന്റ് പെർഫോമൻസ് അടിസ്ഥാനമാക്കിയുള്ള റോഡ് മാനേജ്മെന്റ് (OPBRC) കരാറുകൾ കേരളത്തിൽ അവതരിപ്പിച്ചു. റോഡ് പരിപാലനത്തിനായുള്ള ഈ നൂതന കരാർ, അസറ്റ് മാനേജ്മെന്റിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കും.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)**

190. കേരളത്തെ ഒരു വികസന പങ്കാളിയായി ലോക ബാങ്ക് നിയോഗിക്കുകയും വികസന നയ വായ്പയായി (DPL) 250 മില്യൻ യു.എസ്. ഡോളർ (1779.58 കോടി രൂപ) നൽകുകയും ആയതിന്റെ ആദ്യ വായ്പാവിഹിതം 2018-ലെ വിനാശകരമായ വെള്ളപ്പൊക്കത്തിനുശേഷം, കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പുനർനിർമ്മാണത്തിന്റെ പദ്ധതികൾക്കായി നൽകുകയും ചെയ്തു.

191. അടുത്തിടെ, RKI-2-നായി 250 മില്യൻ യു.എസ്. ഡോളർ അധിക തുകയ്ക്കായി ഇന്ത്യാ ഗവൺമെന്റ്, ലോക ബാങ്ക്, AIIB എന്നിവരുമായി ചർച്ചകൾ പൂർത്തിയാക്കുകയും പദ്ധതി ഉടനെ അംഗീകരിക്കുവാൻ സാധ്യതയുള്ളതുമാണ്.

192. RKDP പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക്, KFW, AIIB എന്നിവയിൽനിന്നും ഇതുവരെ നൽകിയിട്ടുള്ള മൊത്തം ബാഹ്യ സഹായം 5898 കോടി രൂപയാണ്, ഇത് സംസ്ഥാന വിഹിതത്തിന്റെ 30 ശതമാനത്തിനോട് ചേർക്കുമ്പോൾ മൊത്തം 8425 കോടി രൂപ വരും.

193. ഇതിൽ 12 വകുപ്പുകൾക്ക് കീഴിലുള്ള പദ്ധതികൾക്കായി 7,405 കോടി രൂപയുള്ള ഭരണാനുമതി കൊടുക്കുകയും അവ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 4,677 കോടി മൂല്യമുള്ള പദ്ധതികൾ ഇതിനോടകം ടെൻഡർ ചെയ്യുകയും അവ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്.

## സൈനികക്ഷേമ വകുപ്പ്

194. ദക്ഷിണ എയർകമാന്റിന്റെ അടുത്തുള്ള ആക്കുളത്ത്, ദീർഘകാലമായി കാത്തിരുന്ന യുദ്ധ സ്മാരകത്തിന്റെ പ്രാരംഭ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷത്തിൽതന്നെ ഏറ്റെടുത്ത് നടത്തും.

## പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

195. സ്വകാര്യ-പൊതുമേഖലകളിൽ തൊഴിൽലഭ്യത ഉറപ്പാക്കുന്നതിന് സാധ്യതയുള്ള തൊഴിലുടമകൾ, വ്യവസായ പ്രമുഖർ, ലൈൻ വകുപ്പുകൾ, തൊഴിലില്ലാത്ത ഗോത്ര യുവജനങ്ങൾ എന്നിവരെ ഒരു പൊതുവേദിയിൽ കൊണ്ടുവന്ന് എന്റെ സർക്കാർ 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' സ്ഥാപിക്കും.

196. ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസത്തിലും പഠനത്തിലുമുള്ള ഭാഷാപരമായ തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 'ഗോത്രബന്ധു' (Tribal Mentor Teacher) എന്ന പേരിൽ ഒരു നൂതന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പരിപാടിയിൽ അഭ്യസ്തവിദ്യരായ ആദിവാസി യുവജനങ്ങളിൽനിന്നും റ്റി.റ്റി.സി./ ബി.എഡ്. യോഗ്യതയും ഗോത്ര ഭാഷയിലും മലയാളത്തിലും അറിവുള്ളവർക്ക് മുൻഗണന നൽകി തെരഞ്ഞെടുത്ത്, സംസ്ഥാനത്തുടനീളം തെരഞ്ഞെടുത്ത പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർ/എഡ്യൂക്കേഷൻ ഫെസിലിറ്റേറ്ററായി പ്രവർത്തിക്കാൻ പരിശീലനം നൽകിവരുന്നു.

197. കുറഞ്ഞത് 15,000 ആദിവാസി കുട്ടികൾക്കെങ്കിലും അക്കാദമിക മികവ് നേടാൻ സഹായിക്കത്തക്കവിധത്തിൽ 2021-22 കാലയളവിൽ 500 പുതിയ കമ്മ്യൂണിറ്റി സ്റ്റഡി സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

198. 'ഗോത്രജീവിക' പരിപാടിയിൽ ഇതുവരെ 1,170 ഗോത്ര യുവജനങ്ങൾക്ക് നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട കഴിവുകളായ കൊത്തുപണി, പ്ലംബിംഗ്, വൈദ്യുതീകരണം, മരപ്പണി

തുടങ്ങിയവയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പരിശീലനം നൽകുകയും 54 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തു. 2021-22-ൽ ഈ പരിപാടി വിപുലീകരിക്കാനും 2,000 ഗോത്ര യുവജനങ്ങൾക്ക് പരിശീലനം നൽകാനും ഉദ്ദേശിക്കുന്നു.

199. ഗോത്ര ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ട്രൈബൽ വില്ലേജ് മാർക്കറ്റുകൾ (അപ്ന മണ്ഡി) സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു.

200. ട്രൈബൽ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനുള്ള പ്രത്യേക പദ്ധതി 2021-22 കാലയളവിൽ വകുപ്പ് നടപ്പാക്കും. നിലവിൽ ലഭ്യമല്ലാത്ത ഇടങ്ങളിലും സംസ്ഥാനത്തെ എല്ലാ ആദിവാസി കുഗ്രാമങ്ങളിലും ഒരു പ്രത്യേക പദ്ധതിയിലൂടെ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നതുവഴി, സേവന വിതരണം മെച്ചപ്പെടുത്തുന്നതാണ്.

201. 2021-22 കാലയളവിൽ ലൈഫ് മിഷനിലൂടെ 4000 വീടുകൾ ഘട്ടം II, ഘട്ടം III എന്നിവയ്ക്കുകീഴിൽ നിർമ്മിക്കും.

202. സർക്കാരിന്റെ മറ്റൊരു മുൻനിര പദ്ധതിയായ 'ഗോത്രവാത്സല്യനിധി', എല്ലാ ഗോത്ര പെൺകുട്ടികളുടെയും സമഗ്രവികസനം ലക്ഷ്യമിട്ടുള്ള ഇൻഷ്വറൻസ് അധിഷ്ഠിത എൻഡോവ്മെന്റ് പദ്ധതിയാണ്. 2021-22 കാലയളവിൽ 1000-ഓളം പെൺകുട്ടികളെ ഈ പദ്ധതിയുടെ സംരക്ഷണയിൽ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

203. 18,690 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാൻ 'ഭൂമിയില്ലാത്തവർക്ക് ഭൂമി' പദ്ധതിയുടെ കീഴിൽ പ്രയോജനം ലഭിച്ചു.

204. പട്ടികജാതി കോളനികൾക്കായുള്ള ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി, വിദേശ തൊഴിൽ സബ്സിഡി, പട്ടികജാതി സംരംഭകരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുക എന്നീ സർക്കാരിന്റെ ശ്രദ്ധേയമായ പദ്ധതികൾ നടപ്പു സാമ്പത്തിക വർഷത്തിലും ഊർജ്ജസ്വലതയോടെ തുടരുന്നതാണ്.

205. പാലക്കാട്, ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (IMMS) 2021-22 വർഷത്തിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതാണ്.

## ശാസ്ത്ര-സാങ്കേതിക വകുപ്പ്

206. അടുത്ത കാലത്തായി വിവിധ വൈറൽ അണുബാധകൾ സംസ്ഥാനത്തെ സാരമായി ബാധിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ വൈറോളജി ഗവേഷണത്തിനുമാത്രമായി ഒരു ഗവേഷണ സ്ഥാപനം സ്ഥാപിക്കാൻ എന്റെ സർക്കാർ വിഭാവന ചെയ്തിരുന്നു. തത്ഫലമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV) 2020 ഒക്ടോബർ 15-ന് തിരുവനന്തപുരത്തെ തോന്നയ്ക്കലുള്ള ലൈഫ് സയൻസ് പാർക്കിൽ ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. ലബോറട്ടറി ഉപകരണങ്ങളും മനുഷ്യശേഷി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ IAV-യ്ക്കായി സ്ഥാപിച്ചു. വൈറോളജി രംഗത്ത് IAV മുൻനിര ഗവേഷണം നടത്തുമെന്ന് പ്രതീക്ഷിക്കുന്നു.

## സാമൂഹ്യ നീതി വകുപ്പ്

207. വനിത-ശിശു വികസന വകുപ്പ് സ്ഥാപിതമായതോടെ, സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളായ അംഗപരിമിതർ, മുതിർന്ന പൗരൻമാർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ആവശ്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാമൂഹ്യനീതി വകുപ്പിന് കഴിഞ്ഞു. RPWD നിയമ പ്രകാരം സമയബന്ധിതമായി ജോലിയിൽ സംവരണം സംസ്ഥാനം ഉറപ്പാക്കും. പ്രായമാകുന്ന ജനസംഖ്യയുടെ ആവശ്യങ്ങൾ എന്റെ സർക്കാർ തിരിച്ചറിയുന്നു. രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലന ക്ഷേമ നിയമം, 2007 പൂർവ്വാധികം കരുത്തോടെ നടപ്പിലാക്കും. നിശബ്ദരായ ട്രാൻസ്ജെന്ററുകളെ മുഖ്യധാരയിൽ എത്തിക്കുന്നതിന് കഴിഞ്ഞ അഞ്ചുവർഷങ്ങൾ സാക്ഷ്യം വഹിച്ചു. അവരെ സിവിൽ സൊസൈറ്റിയുടെ മുൻനിരയിലേയ്ക്ക് കൊണ്ടുവന്ന് സാമൂഹ്യശ്രേണിയുടെ ഉന്നതങ്ങളിൽ കയറുവാൻ പ്രാപ്തരാക്കും. കഴിഞ്ഞ അഞ്ചുവർഷവും നിരീക്ഷണ സംവിധാനത്തിന്റെ പ്രാധാന്യത്തിനുകൂടി സാക്ഷ്യം വഹിച്ചു. ഇത് കൂടുതൽ ശക്തിപ്പെടുത്തും.

## സർവ്വേയും ലാൻഡ് റെക്കോർഡുകളും

208. ആധുനിക സാങ്കേതികവിദ്യകൾ അവതരിപ്പിച്ച് സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ സർവ്വേ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്, സംസ്ഥാനത്ത് തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS) സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്റെ സർക്കാർ നടപടികൾ സ്വീകരിച്ചു. CORS സംവിധാനത്തിന്റെ സംഭരണത്തിനും

സ്ഥാപനത്തിനും കമ്മീഷനിംഗിനുമായി 12 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഈ ഉദ്ദേശ്യത്തിനുവേണ്ടി ധാരണാപത്രം 2021 ജനുവരി 18-ന് സർവ്വേ ഓഫ് ഇന്ത്യയുമായി നടപ്പാക്കി. സർവ്വേ ഓഫ് ഇന്ത്യ പ്രവർത്തനം ആരംഭിക്കുകയും സർവ്വേ ഓഫ് ലാന്റ് റെക്കോർഡ്സിലെ സർവ്വേയർമാർക്കൊപ്പം സിഗ്നലുകളുടെ പരീക്ഷണത്തിനായി ഗ്രൗണ്ടിൽ 28 സ്റ്റേഷനുകൾക്ക് 3 സ്ഥലങ്ങൾ വീതം കണ്ടെത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു.

## കായിക - യുവജനകാര്യ വകുപ്പ്

209. കിഫ്ബിയുടെ സഹായത്തോടെ മേനംകുളത്ത് ജി.വി. രാജ സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കാൻ ഈ വകുപ്പ് ഉദ്ദേശിക്കുന്നു.

## നികുതി വകുപ്പ്

210. 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ (ജനുവരി-മാർച്ച്) ജി.എസ്.ടി. കളക്ഷനിൽ ഗണ്യമായ വർദ്ധനയുണ്ടായി. ജി.എസ്.ടി. പോർട്ടലിൽ അവതരിപ്പിച്ച വിവിധ നടപടികൾ പാലിക്കപ്പെട്ടതിന്റെയും റിസ്ക് അടിസ്ഥാനമാക്കിയുള്ള റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്കും സംസ്ഥാനതലത്തിൽ പാലിക്കപ്പെടുന്നത് കൃത്യമായി പിന്തുടരുന്നതിനും അവതരിപ്പിച്ച തീവ്രമായ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഇടപെടലുകളുടെ സംയോജിത ഫലമാണിത്.

211. വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ പ്രാപ്തമാക്കുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ANPR സിസ്റ്റത്തിന്റെ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സിസ്റ്റം) ഇൻസ്റ്റലേഷൻ കഴിഞ്ഞ വർഷം നടപ്പിലാക്കുകയും ഇതിനോടകം സംസ്ഥാനത്തിന്റെ 22 സ്ഥലങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇ-വേ ബില്ലുകളുടെയും വരുമാനത്തിന്റെയും വിശകലനത്തിലൂടെ ലഭിക്കുന്ന റിസ്ക് പാരാമീറ്ററുകൾ അടിസ്ഥാനമാക്കി ഇന്റലിജൻസ് അധിഷ്ഠിത വാഹന പരിശോധനാ സംവിധാനം ഇത് സുഗമമാക്കുന്നു.

212. മുഴുവൻ VAT കുടിശ്ശികയും ആദ്യമായി ഓൺലൈനിൽ ലഭ്യമാക്കി. ഇത് കുടിശ്ശിക സ്ഥാനം കൂടുതൽ സുതാര്യമാക്കുകയും കുടിശ്ശിക അനുരഞ്ജനം കൈകാര്യം ചെയ്യുന്നതിന് സഹായിക്കുകയും ചെയ്തു. VAT വിലയിരുത്തലുകളിൽ ഭൂരിഭാഗവും ഇതിനോടകം പൂർത്തിയായതിനാൽ ഈ വർഷം ജി.എസ്.ടി.-യിൽ വകുപ്പ് പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കും.

213. ഒരു 'ഏജന്റ്സ് പോർട്ടൽ' വഴി ലോട്ടറി ഏജന്റുമാർക്ക് വില്പന വരുമാനവും ജി.എസ്.ടി.-യും ഓൺലൈൻ ആയി അടയ്ക്കുവാൻ ഉതകുന്ന സൗകര്യങ്ങൾ നൽകാൻ എന്റെ സർക്കാർ തീരുമാനിച്ചു. ലോട്ടറി ടിക്കറ്റ് വില്പനയും സമ്മാനം കൊടുക്കുന്നതും തടസ്സമില്ലാതെ നടത്തുന്നതിനും ലോട്ടറി ഓഫീസുകൾ മുതൽ വില്പനയുടെ അവസാന പോയിന്റ് വരെ ചോർച്ച ഇല്ലാതാക്കുന്നതിനും ദുരുപയോഗം തടയുന്നതിനും ട്രാക്ക് ചെയ്യുവാൻ തീരുമാനിച്ചു. സംസ്ഥാനത്തെ എല്ലാ ലോട്ടറി ഏജന്റുമാർക്കും അവരുടെ തൊഴിൽ സഹായത്തിനായി ഷോപ്പ് രജിസ്ട്രേഷൻ നൽകും.

214. പൗരൻമാർക്ക് സേവന വിതരണം മെച്ചപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കാലഹരണപ്പെട്ട നടപടിക്രമങ്ങൾ ഇല്ലാതാക്കുക, ആധുനിക സാങ്കേതികവിദ്യകൾ സ്വീകരിക്കുക, സാധാരണക്കാർക്ക് ഫലപ്രദവും കാര്യക്ഷമവുമായ സേവന വിതരണം മെച്ചപ്പെടുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യം. 'എനിവെയർ രജിസ്ട്രേഷൻ' പ്രോഗ്രാം റവന്യൂ ജില്ലയിലെ ഏതൊരു സബ് രജിസ്ട്രാർ ഓഫീസുകളിലും ഡോക്യുമെന്റ് രജിസ്ട്രേഷൻ അനുവദിക്കുന്നു.

215. പൗരന്മാരുടെ സ്വന്തം പരിസരത്തുനിന്ന് കരാറുകളുടെ ഡിജിറ്റൽ നിർവ്വഹണത്തിനായി 'ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ' എന്റെ സർക്കാർ നടപ്പിലാക്കും. രജിസ്റ്റർ ചെയ്ത രേഖകളുടെ ഡിജിറ്റൈസേഷൻ ഉടൻ പൂർത്തിയാകും. ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ പ്രക്രിയ പ്രാപ്തമാക്കുന്നതിനായി ലളിതവത്കരിച്ച സ്റ്റാൻഡേർഡ് ഡോക്യുമെന്റ് ടെംപ്ലേറ്റുകൾ പ്രസിദ്ധീകരിച്ച് പ്രോപ്പർട്ടി രജിസ്ട്രേഷൻ സിസ്റ്റത്തിലേയ്ക്ക് സംയോജിപ്പിക്കും. ഡോക്യുമെന്റ് രജിസ്ട്രേഷൻ പ്രക്രിയ ഓട്ടോമേറ്റ് ചെയ്യുകയും രജിസ്റ്റർ ചെയ്ത പത്രം രജിസ്ട്രേഷന്റെ അതേ ദിവസം തന്നെ വിതരണം ചെയ്യുകയും എല്ലാ ബന്ധപ്പെട്ട കക്ഷികളേയും ഉൾപ്പെടുത്തി എല്ലാ മൂല്യങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കും.

**വിനോദസഞ്ചാര വകുപ്പ്**

216. 2018-ലെ വൻ വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ പ്രതിസന്ധി മറികടക്കാൻ 2019-20 കാലഘട്ടത്തിൽ കേരള ടൂറിസം സ്വീകരിച്ച ഹ്യൂമൻ ബൈനേച്ചർ വിപണന തന്ത്രം PATA അംഗീകരിക്കുകയും

2020-21 കാലയളവിൽ PATA-യുടെ സുവർണ്ണ സമ്മാനത്തിന് പാത്രമാകുകയും ചെയ്തു. ഹ്യൂമൻ ബൈനേച്ചറിന്റെ പ്രിന്റ് കാമ്പെയിനും ഫിലിം കാമ്പെയിനും 2 'DAS GOLDENE STADTTOR awards 2020'-ഉം നേടുകയും ചെയ്തു.

217. 2020-21-ൽ ടൂറിസവുമായി ബന്ധപ്പെട്ടവരെ സഹായിക്കുന്നതിലേയ്ക്കായി ടൂറിസം വർക്കിംഗ് കാപ്പിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം എന്നിവയിലൂടെ കോവിഡ്-19 റിലീഫ് അസിസ്റ്റൻസ് പാക്കേജ് അനുവദിച്ചു.

218. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളായ മലനാട് മലബാർ റിവർ ക്രൂയിസ്, 12 ജില്ലകളിലായുള്ള മിയാവാക്കി മോഡൽ വനവത്കരണം, 79 കേന്ദ്രങ്ങളിലുള്ള വേസ്റ്റ് മാനേജ്മെന്റ്, തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - രണ്ടാം ഘട്ടം, വേളി, കോവളം, ശംഖുമുഖം പ്രോജക്ടുകൾ, ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്-രണ്ടാം ഘട്ടം, ട്രാവൻകൂർ-അഞ്ചുതെങ്ങ് ഹെറിറ്റേജ് കോറിഡോർ പ്രോജക്ട്, തിരുവനന്തപുരത്തെ വിനോദസഞ്ചാര ഭവൻ എന്നിവ പ്രശംസനാർഹമാണ്.

219. വരും വർഷത്തിൽ തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ 12 ലോകോത്തര ടോയ്‌ലെറ്റ് പദ്ധതികൾകൂടി ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

220. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനും ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും പ്രാദേശിക സമൂഹത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരള ടൂറിസം ശ്രദ്ധ കേന്ദ്രീകരിക്കും.

221. കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗത്തെത്തുടർന്ന് വീണ്ടും തിരിച്ചടി നേരിട്ട കേരള ടൂറിസത്തെ പുനരുജ്ജീവിപ്പിക്കുവാൻവേണ്ടി ഒരു പ്രത്യേക മാർക്കറ്റിംഗ് കാമ്പെയിൻ ആരംഭിക്കും.

## ഗതാഗത വകുപ്പ്

222. റോഡ് ഗതാഗതം, ടാക്സികൾ, ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുവാൻ പ്രേരിപ്പിക്കുക എന്നതാകും എന്റെ സർക്കാരിന്റെ നയം. അതേസമയം,

ഗതാഗത കുരുക്കുകളും അന്തരീക്ഷ മലിനീകരണവും അപകടങ്ങളും സമയനഷ്ടവും കുറയ്ക്കുവാനായി സ്വകാര്യ ഗതാഗത സംവിധാനങ്ങളെ നിരുത്സാഹപ്പെടുത്തും. എല്ലാ ഭാരമേറിയ വാഹനങ്ങളെയും പൊതുഗതാഗത വാഹനങ്ങളെയും ഹരിത ഇന്ധനങ്ങൾ-സി.എൻ.ജി., എൽ.എൻ.ജി., വൈദ്യുതി, ഹൈഡ്രജൻ (CNG, LNG, Electricity, Hydrogen) തുടങ്ങിയവയിലേയ്ക്ക് മാറുവാനായി പ്രോത്സാഹിപ്പിക്കും.

223. എല്ലാ പൊതുഗതാഗത വാഹനങ്ങളിലും ജി.പി.എസ്. ഉപകരണങ്ങൾ ഘടിപ്പിക്കുന്നത് നിർബന്ധിതമാക്കുകയും അതിന്റെ വിവരങ്ങൾ പോലീസ്, എക്സൈസ്, ജി.എസ്.ടി. മുതലായ നിയമം നടപ്പിലാക്കുന്ന എല്ലാ ഏജൻസികൾക്കും പങ്കുവയ്ക്കുകയും ചെയ്യും.

224. വാഹനസാന്ദ്രത കൂടിയതും ഇടുങ്ങിയ റോഡുകളുമുള്ള കേരളം, മഹാമാരി കാലത്തിനുമുമ്പ് എല്ലാ വർഷവും ഏകദേശം നാലായിരത്തോളം അപകടങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. നഗര പ്രദേശങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്ന നടപടികളുടെ ഭാഗമായി 'നടപ്പാത കാൽനടക്കാർക്കും റോഡ് വാഹനങ്ങൾക്കും' എന്ന നയം ഉറപ്പാക്കുന്നതിനായി എന്റെ സർക്കാർ കർശന നടപടികൾ നടപ്പാക്കും. എന്റെ സർക്കാരിന്റെ അടുത്ത അഞ്ച് വർഷങ്ങളിൽ അപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവന്നിരിക്കും.

225. വിവര സാങ്കേതികവിദ്യയുടെ വിപുലമായ ഉപയോഗംകൊണ്ടും ചുവപ്പു നാടയും അഴിമതിയുമുള്ള ഇടങ്ങൾ കണ്ടെത്തിക്കൊണ്ടും മോട്ടോർ വാഹന വകുപ്പിന്റെ സംവിധാനങ്ങളും നടപടിക്രമങ്ങളും കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കും.

226. എല്ലാ പ്രധാന ബസ് ഡിപ്പോകളിലും ബോട്ട് ജെട്ടികളിലും കൂടാതെ റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും മൾട്ടി മോഡൽ കണക്ടിവിറ്റി എന്റെ സർക്കാർ ഉറപ്പുവരുത്തും. എല്ലാ മുഖ്യ നഗരങ്ങളിലും പട്ടണങ്ങളിലും കാൽനടയും സൈക്കിൾ സവാരിയും പ്രോത്സാഹിപ്പിക്കും. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പൊതുഗതാഗത ചരക്ക് ലോജിസ്റ്റിക്സ് മേഖലകളിലുള്ള നിക്ഷേപം എന്റെ സർക്കാർ പ്രോത്സാഹിപ്പിക്കും.

## കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC)

227. "കെ.എസ്.ആർ.ടി.സി. റീസ്ട്രക്ചർ 2.0" (KSRTC Restructure 2.0)-യിൽ കൂടി കെ.എസ്.ആർ.ടി.സി.-യുടെ നടത്തിപ്പ് കാര്യക്ഷമമാക്കുകയും നിരവധി ചെലവ് കുറയ്ക്കുന്നതും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായ നടപടികളും നടപ്പിൽവരുത്തും. ഇതിന്റെ ഭാഗമായി ദീർഘദൂര യാത്ര സേവനങ്ങൾക്കായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡ് (KSRTC Swift Ltd) എന്ന പേരിൽ ഒരു പ്രത്യേക കമ്പനി രൂപീകരണവുമായി എന്റെ സർക്കാർ മുന്നോട്ടുപോകും. കേരളത്തിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യെ ഒരു വിശ്വാസയോഗ്യമായ, താങ്ങാനാവുന്ന, യാത്രാസൗഹൃദമായ കുറയറ്റ യാത്രാസംവിധാനമായി രൂപാന്തരപ്പെടുത്തും.

228. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യിലെ 80% ബസ്സുകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറ്റും. റൂട്ടുകളെ ട്രങ്ക് റോഡ്, റേഡിയൽ റോഡ്, സർക്കുലർ റോഡ് എന്നിങ്ങനെ തരംതിരിച്ചിട്ട് ബസ്സുകളുടെ ഓട്ടത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുകയും ഒരു ഹബ്ബ് ആന്റ് സ്പോക് മാതൃക എല്ലാ ഡിപ്പോകളിലും നടപ്പിലാക്കി, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, ഇതിന്റെ പ്രവർത്തനങ്ങളുടെ കേന്ദ്ര ഹബ്ബായി തീരുകയും ചെയ്യും.

229. സർവ്വീസുകളെ കോർ സിറ്റി സർക്കുലർ, റേഡിയൽ, ഔട്ടർ റിംഗ് സർവ്വീസ് എന്നിങ്ങനെ വിഭജിച്ച് ബസ് ഓടാൻ കഴിയുന്ന റൂട്ടുകളിലെ പ്രധാന ഓഫീസുകളേയും സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്നത് ഉറപ്പുവരുത്തിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നവീകരിക്കും.

230. യാത്ര ചെയ്യുന്ന പൊതുജനങ്ങൾക്ക് വിനോദോപാദികൾ, പലവ്യഞ്ജന കടകൾ, റെസ്റ്റോറന്റുകൾ മുതലായവയും ജീവനക്കാർക്കും സഞ്ചാരികൾക്കുമായി വിശ്രമസ്ഥലങ്ങളും ശുചിത്വമുള്ള ശൗചാലയങ്ങളും ലഭ്യമാക്കിക്കൊണ്ട് ബസ് ഡിപ്പോകളെയും മറ്റു സൗകര്യങ്ങളെയും നവീകരിക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. വനിതാ യാത്രികരുടെ സുരക്ഷയും സൗകര്യവും ഉറപ്പുവരുത്തുന്നത് മുൻഗണനാ വിഷയങ്ങളിൽ ഒന്നായി എടുത്തുകൊണ്ട് എല്ലാ ഡിപ്പോകളിലും സ്ത്രീ സൗഹൃദ വാസസൗകര്യം മണിക്കൂർ കണക്കിന് കെ.എസ്.ആർ.ടി.സി. ഒരുക്കും. മെച്ചപ്പെട്ട വേതനവും സുരക്ഷയും ആരോഗ്യക്ഷേമ സൗകര്യങ്ങളും ജീവനക്കാർക്ക് ലഭ്യമാക്കും.

231. വിവര സാങ്കേതികവിദ്യയുടെ വിപുലമായ ഉപയോഗത്തിലൂടെ യാത്രക്കാർക്ക് യാത്ര ആസൂത്രണം ചെയ്യുവാനും ബസ്സുകളുടെ ആഗമന നിർഗമന വിവരങ്ങളും ഓൺലൈൻ ബുക്കിംഗ് മുതലായ സൗകര്യങ്ങൾ നൽകുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കും. ഫീഡർ സർവ്വീസുകളുടെ പ്രവർത്തനത്തിലൂടെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്കുള്ള ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി സർക്കാർ ഉറപ്പാക്കും. റെയിൽ, വിമാന, ജല ഗതാഗത സംവിധാനങ്ങളുമായുള്ള തടസ്സമില്ലാത്ത സംയോജനവും ഒരു നയമായി ഏറ്റെടുക്കും.

232. ടിക്കറ്റ് വിൽപ്പനയിൽക്കൂടി കിട്ടുന്ന വരുമാനംമാത്രം കൊണ്ട് കെ.എസ്.ആർ.ടി.സി.-ക്ക് നിലനിൽക്കുവാൻ സാധ്യമല്ല. ടിക്കറ്റിതര വരുമാന മേഖലകളിലെ വമ്പൻ സാധ്യതകളും ഉപയോഗപ്പെടുത്തും. യാത്രാക്കൂലി ശേഖരിക്കാത്ത മേഖലകളായ ലോജിസ്റ്റിക്സ്, ചില്ലറ ഇന്ധന വിൽപ്പന, പരസ്യം, വിനോദസഞ്ചാരം തുടങ്ങിയ പുതിയ മേഖലകളിലേയ്ക്ക് ഇറങ്ങിച്ചെന്ന് കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തികളെയും ശേഷിയേയും മെച്ചമായി ഉപയോഗപ്പെടുത്തി ഖജനാവിന്റെ ഭാരം ലഘൂകരിക്കുന്നതാണ്.

## സംസ്ഥാന ജലഗതാഗത വകുപ്പ്

233. ജലഗതാഗത ബോട്ടുകളുടെ മുഴുവൻ നിരയും സി.എൻ.ജി. (CNG)-യിലേയ്ക്കോ സൗരോർജ്ജത്തിലേയ്ക്കോ മാറ്റുന്നതാണ്. 2021-2022 വർഷ കാലയളവിൽ ഇൻഡ്യയിലെ ആദ്യത്തെ സൗരോർജ്ജ ഇലക്ട്രിക് റോ-റോ (RO-RO) സേവനവും കേരളത്തിലെ ആദ്യത്തെ കരയിലും വെള്ളത്തിലും (amphibian) സഞ്ചരിക്കുന്ന ജല ബസ്സും അവതരിപ്പിക്കുവാൻ വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്.

234. മറ്റ് പൊതുഗതാഗത സംവിധാനങ്ങളുമായി ഒത്തുചേർന്ന് നിൽക്കുവാനായി ജലഗതാഗത വകുപ്പിന്റെ ആധുനീകരണം ഏറ്റെടുക്കും. ചരക്കു നീക്കങ്ങളുടെയും വിനോദസഞ്ചാര മേഖലകളുടേയും ഫെറി സർവ്വീസുകളുടെയും സാധ്യതകൾ പൂർണ്ണമായും ഉപയോഗിക്കും.

235. കോട്ടയം-ആലപ്പുഴ-കുമരകം റൂട്ടിൽ യാത്ര-വിനോദസഞ്ചാര സേവനം നൽകുന്ന വേഗത കൂടിയ എ.സി. യാനമായ വേഗ-2 (VEGA-2) ഈ വകുപ്പ് അവതരിപ്പിക്കുകയും 10-3-2020-ൽ ഉദ്ഘാടനം ചെയ്യപ്പെടുകയും ഉണ്ടായി.

236. വൈക്കം-തവണക്കടവ് റൂട്ടിലുള്ള ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ ശക്തിയിൽ പ്രവർത്തിക്കുന്ന ബോട്ടായ ആദിത്യ, 2020-ലെ ഗുസ്റ്റാവ്-ട്രോവ് (Gustav-Trove) അവാർഡ് കരസ്ഥമാക്കുകയും നാല് വർഷമായി യാത്രക്കാരെ വിജയകരമായി അക്കരെ ഇക്കരെ കടത്തുകയും ചെയ്തുവരുന്നു.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

237. സർക്കാർ വിഭാവന ചെയ്യുന്ന അഭിമാന പദ്ധതിയായ സിൽവർ ലൈൻ (Silver Line) എന്നതിൽ കൂടി, ചെലവാക്കിയ തുകയുമായി താരതമ്യം ചെയ്യുമ്പോൾ മതിയായ നേട്ടം ലഭിക്കുന്ന, സെമി ഹൈ-സ്പീഡ് യാത്രാ സൗകര്യം (Semi High-Speed travel) ആദ്യമായി കേരളത്തിൽ അവതരിപ്പിക്കുന്നതാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള 12 മണിക്കൂർ യാത്രാസമയം 4 മണിക്കൂറായി കുറച്ചുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് സൗകര്യപ്രദമായ യാത്രാ സംവിധാനം ലഭ്യമാക്കുന്ന സിൽവർ ലൈൻ (Silver line) ഒരു സമൂല പരിഷ്കരണമായിരിക്കും.

238. ഏകദേശം 63,900 കോടി രൂപ മുതൽമുടക്കിൽ ഈ പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രധാനപ്പെട്ട പദ്ധതിയുടെ അലൈൻമെന്റും വിശദമായ പദ്ധതി റിപ്പോർട്ടും എന്റെ സർക്കാർ അംഗീകരിച്ചുകഴിഞ്ഞു. ഈ പദ്ധതിയെ 33,700 കോടി രൂപയ്ക്ക് ഉഭയകക്ഷിപരവും ബഹുമുഖപരവുമായ ധനസഹായ ഏജൻസികൾക്ക് മുന്നിൽ സമർപ്പിക്കാൻ ധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിനോട് നീതി ആയോഗും റെയിൽവേ ബോർഡും ധനവിനിയോഗ വകുപ്പും ശിപാർശ ചെയ്തു കഴിഞ്ഞു. കേന്ദ്ര സർക്കാരിൽ നിന്നുമുള്ള ഔപചാരിക അനുമതി ഉടൻതന്നെ പ്രതീക്ഷിച്ചിരിക്കുകയാണ്.

## കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

239. ആലുവ മുതൽ പേട്ട വരെയുള്ള (22 സ്റ്റേഷനുകളോടുകൂടി 25.612 കി.മി.) പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണം 2020 സെപ്റ്റംബർ 7-ാം തീയതി നടന്ന അവസാന ഭാഗത്തിന്റെ ഉദ്ഘാടനത്തോടുകൂടി കൊച്ചി മെട്രോ റെയിൽ പൂർത്തീകരിച്ചു.

240. കൊച്ചി മെട്രോ പദ്ധതിയുടെ 1A ഘട്ട പ്രവൃത്തികൾ (2 കി.മി.-ഉം 2 സ്റ്റേഷനുകളോട്ടുംകൂടി പേട്ട മുതൽ SN ജംഗ്ഷൻ വരെ) നന്നായി പുരോഗമിച്ചുവരുന്നതും 2022 മാർച്ചോട്ടുകൂടി കമ്മീഷൻ ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ നിലയിൽ 47% പൂർത്തീകരിച്ചിട്ടുണ്ട്.

241. കൊച്ചി മെട്രോ പദ്ധതിയുടെ 1B ഘട്ട പ്രവൃത്തികൾ (1.2 കി.മി.-യും 1 സ്റ്റേഷനോട്ടുംകൂടി) 2022 ജൂണോട്ടുകൂടി കമ്മീഷൻ ചെയ്യുണമെന്ന ഉദ്ദേശ്യത്തോടെ നന്നായി പുരോഗമിക്കുന്നുണ്ട്.

242. 1957.05 കോടി രൂപ ചെലവ് വരുന്ന 11.17 കി.മി. നീളവും 11 സ്റ്റേഷനുകളുമുള്ള ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട്‌വഴി ഇൻഫോപാർക്ക് വരെയുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം എന്റെ സർക്കാർ അംഗീകരിച്ചുകഴിഞ്ഞു. ഭാരത സർക്കാരിന്റെ അംഗീകാരം ഈ സാമ്പത്തിക വർഷംതന്നെ പ്രതീക്ഷിക്കുന്നു. പ്രവൃത്തികൾ തുടങ്ങുന്നതു മുതൽ നാലുവർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കപ്പെടും.

243. 2020 ഒക്ടോബർ 30-ാം തീയതി കൊച്ചി മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. നഗരത്തിലെ വിവിധ തരത്തിലുള്ള യാത്രാ സൗകര്യങ്ങളെ ഏകോപിപ്പിക്കാനും ആസൂത്രണം ചെയ്യാനും നിയന്ത്രിക്കാനുമുള്ള ഇത്തരത്തിലെ ഇൻഡ്യയിലെ ആദ്യത്തെ അതോറിറ്റി ആണിത്.

### ജലവിഭവ വകുപ്പ്

244. നദീതടങ്ങളിലെ ജലസംബന്ധിയായ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുവാനായി ഒരു റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കുവാൻ ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. എന്റെ സർക്കാർ കരട് ബില്ലിന് അന്തിമ രൂപം നൽകിയിട്ടുള്ളതും RBCMA-യുടെ രൂപീകരണത്തിനായിട്ടുള്ള നിയമം ഈ വർഷംതന്നെ കൊണ്ടുവരികയും ചെയ്യും.

245. കർഷക സഹകാരികളുടേയും കർഷക കൂട്ടായ്മകളുടെയും ഗുണത്തിനായി കമ്മ്യൂണിറ്റി ബേസ്ഡ് മൈക്രോ-ഇറിഗേഷൻ പദ്ധതികൾക്ക് കൂടുതൽ ഊന്നൽ നൽകും. അന്തരിച്ച കെ. എം. മാണിയുടെ ഓർമ്മയ്ക്കായി ഒരു കമ്മ്യൂണിറ്റി ബേസ്ഡ് മൈക്രോ-ഇറിഗേഷൻ പദ്ധതി കൊണ്ടു

വരുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ലിഫ്റ്റ് ഇറിഗേഷന്റെ സാധ്യതകൾ മൈക്രോ ഇറിഗേഷന്റെ വിദ്യകളുമായി ഉൾച്ചേർക്കുകയാണ് പ്രധാന ലക്ഷ്യം. ഇറിഗേഷൻ നെഗ്ലക്ടഡ് (Irrigation Neglected) നാണ്യവിളകൾ (കുരുമുളക്, ഏലം, നാളികേരം, അടയ്ക്ക, ജാതി, കാപ്പി മുതലായ) ഫലവൃക്ഷ വിളകൾ, പച്ചക്കറി വിഭാഗം എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ കർഷകരെ ഇത് ശക്തിപ്പെടുത്തും.

246. ജൽ ജീവൻ മിഷന്റെ (JJM) ഭാഗമായി ഗ്രാമീണ കുടുംബങ്ങൾക്ക് ഫംഗ്ഷണൽ ടാപ്പ് കണക്ഷൻ നൽകുന്നതിൽ എന്റെ സർക്കാർ മതിയായ പുരോഗതി കൈവരിച്ചു. കോവിഡ്-19 മഹാമാരിയുടെ പരാധീനതകൾക്കിടയിലും 2020-21 കാലയളവിൽ ആകെ 4,04,464 വ്യക്തിഗത ജലവിതരണ കണക്ഷനുകൾ ഗ്രാമീണ കുടുംബങ്ങളിൽ ലഭ്യമാക്കി. കേന്ദ്ര സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ അർബൻ JJM ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത 4 വർഷത്തിനുള്ളിൽ 100% ഫംഗ്ഷണൽ ഹൗസ് ഹോൾഡ് ടാപ്പ് കണക്ഷൻ (FHTC) എല്ലാ നാഗരിക കുടുംബങ്ങൾക്കും ഉറപ്പാക്കുവാൻ സംസ്ഥാനം ഒരുങ്ങിക്കഴിഞ്ഞു.

247. ജലവിഭവവുമായി ബന്ധപ്പെട്ട വിവരങ്ങളായ, പ്രത്യേകിച്ചും കാലാവസ്ഥാ മുന്നറിയിപ്പുകൾ, പ്രളയ മുന്നറിയിപ്പുകൾ, റിസർവോയറുകളിലെ ജലപരിപാലനം, ജലത്തിന്റെ ഗുണനിലവാരം, ജലസേചനം നടത്തിയ പ്രദേശം, ഉപരിതല ജലവും ഭൂജലവും മുതലായവയുമുള്ള ഒരു ഏക ആധികാരിക വെബ്ബ് അധിഷ്ഠിത പ്ലാറ്റ്ഫോമായി കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (K-WRIS) ജലവിഭവ വകുപ്പ് കമ്മീഷൻ ചെയ്യും.

248. കടലാക്രമണം ഏറ്റവും രൂക്ഷമാകുന്ന തീരമേഖലകളായ ചെല്ലാനം, കയ്പമംഗലം, ചേർത്തല, പൂന്തുറ എന്നിവിടങ്ങളിലെ അന്തേവാസികളുടെ സ്വത്തിനും ജീവനും സുരക്ഷ ഉറപ്പുവരുത്തുവാനായി അതീവ ശ്രദ്ധ കേന്ദ്രീകരിക്കും.

249. പുതിയ നയങ്ങൾ രൂപീകരിക്കുന്നതിനുമുമ്പുതന്നെ നേരത്തെ സ്ഥാപിതമായ മഴവെള്ള സംഭരണികളുടെയും തുറന്ന കിണർ റീചാർജ്ജ് വിന്യാസങ്ങളുടെയും ഫംഗ്ഷണൽ ആഡിറ്റിംഗ് നടത്തുകയും അവയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുകയും ചെയ്യും.

250. സംസ്ഥാനത്തിനുള്ളിൽ ക്യാപ്റ്റീവ് കപ്പാസിറ്റി ഉണ്ടാക്കിയെടുക്കുന്നത് ഉറപ്പുവരുത്തി ജലവിഭവ മേഖലയിൽ എഞ്ചിനീയറിംഗ് സ്റ്റാർട്ട് അപ്പുകളെ കൊണ്ടുവരുന്നതിനും സംസ്ഥാനത്ത് സാങ്കേതിക സ്റ്റാർട്ട് അപ്പുകൾക്ക് വളക്കൂറുള്ള അന്തരീക്ഷം നൽകുവാനുമായി വകുപ്പ് പ്രയത്നിക്കും.

**അന്തർ സംസ്ഥാന ജലം**

251. പ്രധാനപ്പെട്ട അന്തർ സംസ്ഥാന ജലം പങ്ക് വയ്പ്പ് കരാറായ പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കേണ്ട സമയം കഴിഞ്ഞിട്ട് ഏറെ നാളായി. വിവിധ വശങ്ങൾ പരിശോധിച്ചശേഷം തമിഴ്നാട്ടുമായി ഇരുകൂട്ടർക്കും സമ്മതമുള്ള ഒരു ഒത്തുതീർപ്പിലെത്താനും പുതിയ കരാറുകൾ നടപ്പിൽ വരുത്തുവാനും എന്റെ സർക്കാർ ശ്രമിക്കും. മാത്രവുമല്ല പുതിയ കരാറുകൾ സംസ്ഥാനത്തിന്റെ താത്പര്യങ്ങൾക്ക് വിരുദ്ധമാകുന്നില്ലായെന്ന് ഉറപ്പുവരുത്തും. നദീതടങ്ങളിലെ പാരിസ്ഥിതിക സന്തുലിതാവസ്ഥ ഉറപ്പു വരുത്താൻവേണ്ട എല്ലാ നടപടികളും കൈക്കൊള്ളും. കാവേരിതടത്തിൽനിന്നും ലഭിക്കുന്ന കേരളത്തിന്റെ വിഹിതമായ 30 ടി.എം.സി. ജലം അട്ടപ്പാടി വാലി ജലസേചന പദ്ധതി പോലുള്ള അനുയോജ്യമായ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുവാൻ ശ്രമിക്കും.

**വനിത-ശിശു വികസന വകുപ്പ്**

252. വനിതകളുടെയും കുട്ടികളുടെയും സമഗ്രമായ പുരോഗതിയും ശാക്തീകരണവും എല്ലായ്പ്പോഴും സംസ്ഥാനത്തിന്റെ മുൻഗണന മേഖലയായിരുന്നു. പോഷകാഹാരത്തിലും സുരക്ഷയിലും സമത്വത്തിലും സ്ത്രീകളും കുട്ടികളും ഇടപഴകുന്ന മറ്റ് അനവധി മണ്ഡലങ്ങളിലും അതീവ ശ്രദ്ധ നൽകുന്നതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും മൊത്തമായിട്ടുള്ള പുരോഗതിക്ക് പ്രധാന പങ്ക് വഹിക്കുന്ന അങ്കണവാടി സംവിധാനത്തെ ആധുനിക സംസ്ഥാനത്തിന്റെ ആവശ്യകതകൾക്ക് യോജിച്ച രീതിയിൽ പരിഷ്കരിക്കേണ്ടതാണ്. ശൈശവ വിവാഹം, സ്ത്രീധന വ്യവസ്ഥ, ലിംഗ വിവേചനം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള വിവേചനം/ അതിക്രമം എന്നീ വിഷയങ്ങൾ തുടച്ചുനീക്കാൻ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും കൂട്ടായ പരിശ്രമം ആവശ്യമാണ്.

253. സ്ത്രീകൾക്ക് സംസ്ഥാനത്തുടനീളം സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്നതിന്, ഒരു നയമെന്ന രീതിയിൽ, എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക, ലിംഗ സ്പർശബോധമുള്ള നിയമവ്യവസ്ഥ വികസിപ്പിക്കൽ, അവശ വിഭാഗങ്ങളെ കണ്ടെത്തുക, ആർത്തവ സംബന്ധിയായ ശുചിത്വം, സ്ത്രീകളിലുള്ള എച്ച്.ഐ.വി. എയ്ഡ്സ്, കാൻസർ പോലുള്ള പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾക്കെതിരെയുള്ള പോരാട്ടം മുതലായവയിൽ അതീവ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടും. തനിച്ചുള്ള, പ്രത്യേകിച്ചും, പ്രായാധിക്യമുള്ള സ്ത്രീകൾ കേരളത്തിൽ എണ്ണത്തിൽ കൂടുതലുണ്ട്. എന്റെ സർക്കാരിന്റെ പരിപാടികളിൽ ഇവരുടെ സജീവ പങ്കാളിത്തത്തിന് പ്രത്യേക ഊന്നൽ നൽകും. വനിതാ കൂട്ടായ്മകളെ കൂടുതൽ പ്രോത്സാഹിപ്പിക്കും. ശിശു സംരക്ഷണ കേന്ദ്രങ്ങൾ, ഷെൽട്ടർ ഹോംസ്, ക്രഷുകൾ, തൊഴിലെടുക്കുന്ന സ്ത്രീകൾക്കുൾപ്പെടെയുള്ള ഹോസ്റ്റൽ മുതലായവയിലെ ഏറ്റവും കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ ഒരു നയമെന്ന രീതിയിൽ എന്റെ സർക്കാർ ഉറപ്പാക്കും. മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ടിന്റെയും പ്രിവൻഷൻ ഓഫ് സെക്ഷ്വൽ ഹരാസ്സ്മെന്റ് ഇൻ വർക്ക് പ്ലേസ് ആക്ടിന്റെയും ഗുണഫലങ്ങൾ എല്ലാ മേഖലകളിലും, പ്രത്യേകിച്ച്, സ്വകാര്യ മേഖലയിലും അസംഘടിത മേഖലയിലും എത്തിക്കും.

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വകുപ്പ്**

254. പദ്ധതികളുടെ നിർവ്വഹണത്തിലും നടപ്പിലാക്കലിലുമുള്ള എന്റെ സർക്കാരിന്റെ നയമായ "അഴിമതിയോട് സീറോ ടോളറൻസ്"-നെ പിന്തുണയ്ക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അനവധി നൂതന നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

255. അതിൻപ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അഴിമതി നിരോധന നിയമങ്ങൾ നടപ്പിലാക്കുകയും പൊതുജനങ്ങളുടെ പരാതികൾ കാര്യക്ഷമമായി പരിഹരിക്കുകയും ചെയ്യുന്നുണ്ട്. നൂതനമായ സാങ്കേതികവിദ്യ സ്വീകരിച്ചുകൊണ്ടും ഓഫീസുകൾ നവീകരിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അതിന്റെ ഇന്റലിജൻസ് സർവൈലൻസ് സംവിധാനം മെച്ചപ്പെടുത്തുകയാണ്.

256. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, 2020-21 കാലയളവിൽ, ഇടുക്കി, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പുതിയ ഓഫീസ് കെട്ടിടങ്ങളും ഭരണ സംവിധാനത്തിന്റെ ഡിജിറ്റൈസേഷനും പൂർത്തിയാക്കുകയും വിജിലൻസ് ആസ്ഥാനത്ത് സൈബർ സെൽ സ്ഥാപിക്കുകയും ചെയ്തു.

257. കോഴിക്കോടും ആലപ്പുഴയിലും ഇടുക്കിയിലും കോട്ടയത്തും ഉള്ള ട്രെയിനിംഗ് സെന്ററുകളുടെ നിർമ്മാണം 2021-2022 സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിഭാവന ചെയ്യുന്നു. കൂടാതെ വി.എ.സി.ബി. (VACB) യൂണിറ്റുകളുടെ ഡിജിറ്റൈസേഷനും വീഡിയോ കോൺഫറൻസിംഗും സമ്പൂർണ്ണ ഓട്ടോമേഷനും കോടതിയുമായി അവയുടെ ബന്ധിപ്പിക്കലും പദ്ധതിയിടുന്നു.

258. ഉപസംഹാരമായി ഞാൻ പറയട്ടെ, കേന്ദ്രവും സംസ്ഥാനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും തുല്യ പങ്കാളികളാകുന്ന സഹകരണ ഫെഡറലിസത്തിന്റെ തത്വങ്ങളിലാണ് എന്റെ സർക്കാർ ഉറച്ച് വിശ്വസിക്കുന്നത്. ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം സംസ്ഥാനം ഈയടുത്ത് ആഘോഷിച്ചു. ഒരു പിരമിഡൽ ഘടനയുടെ ഭാഗങ്ങളാകാതെ, സഹകരണത്തോടെയും ഐക്യത്തോടെയും പ്രവർത്തിക്കുന്ന സർക്കാരിന്റെ ശ്രേണികളുടെ ഉദാഹരണമാണിത്. ഈ ഒരു കാഴ്ചപ്പാടാണ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ പുനഃസംഘടിപ്പിക്കണമെന്ന് വാദിക്കുവാൻ എന്റെ സർക്കാരിന് വഴികാട്ടിയത്. ഭരണഘടനാപരമായ മൂല്യചേതനയെ പരിപോഷിപ്പിക്കുന്നതിലും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മൂല്യങ്ങളായ ജനാധിപത്യവും മതേതരത്വവും ഉയർത്തിപ്പിടിക്കുന്നതിലും സമൂഹത്തിലെ എല്ലാവർക്കും പുരോഗതിയുടെ ഫലങ്ങൾക്കുള്ള അവകാശത്തിലുമാണ് എന്റെ സർക്കാർ വിശ്വസിക്കുന്നത്. ഇവയൊക്കെ യാഥാർത്ഥ്യത്തിലേയ്ക്ക് പരിണമിപ്പിക്കുന്നതിനാണ് എന്റെ സർക്കാർ പ്രയത്നിക്കുന്നത്.

**ജയ് ഹിന്ദ്**

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2021.